# നഗരങ്ങളുടെ മുമ്പിൽ

1694

പി. എം. താഴ്‌വൻ.

55-35

# ബനാറസ്സ് നിങ്ങളുടെ മുമ്പിൽ

★

By:

പി. എം. രാഘവൻ

★

പ്രസാധകന്മാർ:
പി. കെ. ബ്രദേർസ്
കോഴിക്കോട്ടു്.
വില:— എട്ടണ.

PRINTED AT
THE ASOKA PRINTING PRESS
KOZHIKODE.

5535

# സമൎപ്പണം.

ഉദാരമതിയും മത്സ്യമാംസാദി താമസ പ്രധാനഭക്ഷണങ്ങൾ ഉപേക്ഷിച്ച ഭാഗവതാദി പാരായണത്തിൽ തല്പരനായ ഒരു തികഞ്ഞ ഭക്തനും, സത്യം, ദയ, ശാന്തി, ദാക്ഷിണ്യം മുതലായ ഗുണങ്ങളാൽ മററു പല സർക്കസ്സ് പ്രൊപ്രയിററർമാരിൽ നിന്നു എത്രയും വ്യത്യസ്തനും ആയ ഗ്രെയിററ് ഈസ്റ്റേൺ സർക്കസ്സ് പ്രൊപ്രയിററർ ശ്രീ. വി. ശങ്കരൻ അവർകൾക്കു ഞാൻ ഈ ചെറുപുസ്തകം സമൎപ്പിക്കുന്നു.

... ISLAM HIGH SCHOOL
ERNAKULAM
Date 5-5-35

# ബനാറസ്സ് നിങ്ങളുടെ മുമ്പിൽ

വാരാണസി അഥവാ കാശി സ്കാന്ദപുരാണം മുതല്ക്കുതന്നെ കീർത്തിപ്പെട്ടിട്ടുണ്ടു്. മഹാഭാരതം, ബുദ്ധമതഗ്രന്ഥങ്ങൾ എന്നിവയിലെല്ലാം കാശിയുടെ പ്രഭാവത്തെപ്പററി എടുത്തുപറഞ്ഞിട്ടുണ്ടു്. ഇതിൽനിന്നെല്ലാം ചരിത്രാതീതകാലം മുതല്ക്കുതന്നെ കാശി ഭാരതസംസ്കാരത്തെ ലോകത്തിൽ ഉയർത്തികാണിച്ചിരുന്നു എന്നു നല്ലവണ്ണം തെളിയുന്നു. ശ്രീബുദ്ധനും, ശ്രീശങ്കരാചാര്യരും, തുളസീദാസും, കബീർദാസും, ഗുരുനാനാക്കും

മററനേകം മതാചാൎയ്യന്മാരും അവരവരുടെ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിന്നു കാശിയെ ആശ്രയിച്ചിട്ടുണ്ടു്. പതിനൊന്നാം നൂററാണ്ടിൽ ഭാരതം സന്ദർശിച്ചിരുന്ന ഹ്യുയൻസാങ്ങ്, നിരവധി ജനങ്ങൾക്ക് ആരാധന ചെയ്യുവാൻ സാധിക്കത്തക്ക നൂറു ക്ഷേത്രങ്ങൾ കാശിയിൽ ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

ഇംഗ്ലീഷുകാരുടെ ഭരണകാലത്തു വരാണസി ബനാറസ്സായി മാറി. ബനാറസ്സിനെപ്പററി അറിയാത്തവർ വളരെ ചുരുക്കമാണ്. ബനാറസ്സ് എന്ന കാശിയെപ്പററി പ്രായംകൂടിയ ഹിന്ദുക്കൾക്കെല്ലാം വലിയ ഭക്തിബഹുമാനമാണ്. ജീവിതത്തിൽ വല്ല അമളിയും പിണഞ്ഞാൽ എല്ലാം ഉപേക്ഷിച്ചു പോകുവാനുള്ള ഒരു സ്ഥലമായാണ് മററുചില സരസന്മാർ കാശിയെ വീക്ഷിക്കുന്നതു. ഏതായാലും വാരാണസിയുടെ പ്രാചീനതയെപ്പററി പാശ്ചാത്യരും നല്ലപോലെ മനസ്സിലാക്കിയിട്ടുണ്ടു. ഇംഗ്ലീഷുഭരണത്തിൻെറ ആരംഭകാലത്തു റവറണ്ട് "ഷെറിങ്ങ്" എന്ന ആൾ ഇങ്ങനെ പറഞ്ഞിരുന്നു. "വാരാണസി ഒരു വമ്പിച്ച പൌരാണിക നഗരമാകുന്നു. ഇരുപത്തഞ്ചു നൂററാണ്ടുകൾക്ക് മുമ്പ്തന്നെ അതു കീൎത്തിയാൎജ്ജിച്ചിരുന്നു. ബാബിലോൺ, മേധാവിത്വത്തിന്നുവേണ്ടി 'മിനാവ' എന്ന രാജ്യവുമായി കലഹിച്ചുകൊണ്ടിരുന്ന കാലത്തു, ഏതൻസ് ശക്തിപ്പെട്ടുകൊണ്ടുവന്നിരുന്ന കാലത്തു, ഗ്രീ

സ് പേർഷ്യയുമായി മത്സരിക്കുന്നതിന്നു മുമ്പ്, റോമാ സാമ്രാജ്യം ലോകത്തിൽ തലപൊക്കുന്നതിന്നുമുമ്പു വാരാണസി ഏററവും ഉന്നതമായ ഒരു നിലയെ പ്രാപിച്ചിരുന്നു''

അനവധി നഗരങ്ങൾ ഉയർന്നു പ്രതാപം പ്രാപിക്കയും നശിക്കയും ചെയ്തു. അനവധി രാഷ്ട്രങ്ങൾ ശക്തിപ്പെടുകയും അധഃപതിക്കുകയും ചെയ്തു. എങ്കിലും വാരാണസി ഏററവും പ്രഭാവത്തോടുകൂടിതന്നെ നിലനിന്നുവന്നു.

സുപ്രസിദ്ധ ആംഗലസാഹിത്യകാരനായ ഒലിവർ ഗോൾഡ്സ്മിത്ത് അദ്ധരാത്രിയിലെ ലണ്ടൻ നഗരത്തിൻെറ സ്ഥിതി ഇപ്രകാരം വിവരിക്കുകയുണ്ടായി. What cities as great as this, have once triumphed in existence, had their victories as great, joy as just and as unbounded and with short sighted presumption promised themselves immortality___ posterity can hardly trace the situation of some ___ Now only an undistinguished heap of ruin " (ദീർഘദർശിത്വമില്ലാത്ത ഊഹങ്ങളാൽ എന്നെന്നും നിലനില്ക്കുമെന്നു ഉറപ്പിക്കപ്പെട്ട എത്രയെത്ര നഗരങ്ങൾ ഇതുപോലെ തന്നെ ഒരിക്കൽ അവരുടെ നിലനില്പിൽ ജയഭേരി അടിക്കുകയും അവക്ക് ഇതെപോലെതന്നെ വമ്പിച്ച വിജയങ്ങളും സീമാതീതമായ ആഹ്ലാദങ്ങളും ഉണ്ടാകയും ചെയ്തിട്ടുണ്ട്........പിന്നീടുള്ള തലമുറക്ക് ചിലതിൻെറ സ്ഥാനംപോലും തിരഞ്ഞുപിടിക്കുവാൻ പ്രയാ

സമായിരിക്കുന്നു........ഇപ്പോഴും ഒന്നും തിരിച്ചറിയാൻ സാധിക്കാത്തതരത്തിലുള്ള അവശിഷ്ടങ്ങളുടെ ഒരു കൂമ്പാരംമാത്രം)

പക്ഷെ, വാരാണസിയെ സംബന്ധിച്ചേടത്തോളം അപ്രകാരമായിരിക്കുന്ന ഒരവസ്ഥ സഹസ്രാബ്ദങ്ങളായിട്ടും ഇതുവരെ സംഭവിച്ചിട്ടില്ല. ആർഷധർമ്മത്തിന്റെ നേക്ക് വാളെടുക്കുന്നതും മതത്തിന്റെ പേരിൽ രക്തം ചിന്തുന്നതും ഹൈന്ദവരുടെ ക്ഷേത്രാദികലാപരമായ വസ്തുക്കളൊക്കെ നശിപ്പിക്കുന്നതും ഒരു കലയാക്കി എടുത്തിരുന്ന മുഹമ്മദുഘോറി, മുഹമ്മദുഘസനി, ഔറംഗസീബ്, മുതലായ രാജാക്കന്മാർ നിശ്ശേഷം നശിപ്പിക്കാൻ നോക്കിയെങ്കിലും വാരാണസിയുടെ പ്രാചീന പ്രഭാവം തീരെ നശിക്കാതെ ഒരുവിധം ശോഭിച്ചുകൊണ്ടുതന്നെ വന്നു. ചരിത്രാതീതകാലങ്ങളിൽ പ്രഭാവത്തോടുകൂടി ഉയർന്നിരുന്ന പട്ടണങ്ങളൊക്കെ നശിച്ചുപോയിരിക്കെ വാരാണസി ആ കാലം മുതല്ക്ക് ആധുനികകാലംവരെ നശിക്കാതെ തുടർച്ചയായി ഐശ്വര്യത്തോടുകൂടി വർത്തിച്ചതു എന്തുകൊണ്ടായിരിക്കാം? ഒരു പക്ഷെ ഒരിക്കലും നശിക്കാത്ത ധർമ്മത്തിന്റെ-അതെ-സനാതനധർമ്മത്തിന്റെ കലവറയായി, 'ഈശാവാസ്യമിദംസർവ്വം യൽകിഞ്ചജഗത്യാംജഗൽ' (ഈ ലോകത്തിൽ കാണുന്നതൊക്കെയും ഈശ്വരമയമായിട്ടുള്ളതാകുന്നു.) "സത്യോനാസ്തി പരോധർമ്മ: അഹിംസാപരമോ ധർമ്മ:" (സത്യത്തിൽ പരമായി ഒരു ധർമ്മ

മില്ല, അഹിംസ ഏററവും വലിയ ധർമ്മമാകുന്നു.) “യസ്മിൻ സർവ്വാനി ഭൂതാന്യാത്മന്യേവാനുപശ്യതി! (തന്റെ ആത്മാവിനെ എല്ലാററിലും, എല്ലാററിനെയും തന്റെ ആത്മാവിലും കാണണമെന്നു സാരം.) എന്നു തുടങ്ങിയുള്ള അനേകം സനാതനതത്വങ്ങൾ ഉൾക്കൊള്ളുന്നവയും ‘ലോകാ: സമസ്താഃസുഖിനോഭവന്തു’ (ലോകം മുഴുവനും സുഖമായിത്തീരട്ടെ) എന്നാശീർവ്വദിക്കയും ചെയ്യുന്ന സനാതനധർമ്മത്തിന്റെ കേന്ദ്രമായി വർത്തിച്ചതുകൊണ്ടായിരിക്കുമോ? ഒരു പക്ഷെ ആയിരിക്കാം.

മുഹമ്മദീയ രാജാക്കന്മാരുടെ ആക്രമണം മുതൽ വാരാണസി വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുതുടങ്ങി. മുഹമ്മതുഘസനിയുടെ ആക്രമണകാലത്തു് അയാൾ അനവധി ക്ഷേത്രങ്ങൾ നശിപ്പിച്ചതായി അറിയുന്നു. തുടർന്നുകൊണ്ടു വാരാണസി കുത്തബുദ്ദീന്റെ ആക്രമണത്തിന്നിരയായി. അവസാനമായി അറംഗസീബിന്റെ വാഴ്ചക്കാലത്തു് കാശിയുടെ പ്രഭാവത്തിന്നും പ്രസിദ്ധിക്കും കാരണമായിരുന്ന ഗംഭീരമായ പുരാതന കാശിവിശ്വനാഥക്ഷേത്രവും കാശിയിലെ മറെറാരു പ്രധാന ക്ഷേത്രമായിരുന്ന ബിന്ദുമാധവക്ഷേത്രവും നശിപ്പിക്കപ്പെടുകയും അവയുടെ അവശിഷ്ടങ്ങളിൽ പള്ളികൾ പണിയിക്കപ്പെടുകയും ചെയ്തു.

അറംഗസീബിന്റെ കാലത്തിന്നുശേഷം വാരാണസി അയോദ്ധ്യാനവാബുമാരുടെ അധീനത്തിലായി.

എന്നാൽ നവാബുമാരുടെ കീഴിൽ വർത്തിച്ചിരുന്ന ഒരു ഹൈന്ദവപ്പട്ട വാരാണസിയുടെ അധികാരം കൈയ്യേല്ക്കുകയും അദ്ദേഹത്തിന്റെ അനന്തിരവന്മാർ ഈസ്റ്റ് ഇന്ത്യാ കമ്പനിക്കാരുടെ സഹായത്തോടുകൂടി നവാബുമാരുടെ കൈയ്യിൽനിന്നു വാരാണസി സ്വായത്തമാക്കുകയും അങ്ങിനെ ഇപ്പോഴത്തെ രാജകുടുംബം സ്ഥാപിതമാകുകയും ചെയ്തു. ഗവർണ്ണർ ജനറൽ വാറൻ ഹേസ്റ്റിങ്ങിന്റെ കാലത്തു് രാജകുടുംബവുമായി ചില തർക്കങ്ങൾ ഉണ്ടാവുക കാരണം രാജകുടുംബത്തിന്റെ അധികാരം ഹേസ്റ്റിങ്ങ്സ് റദ്ദ് ചെയ്തുകളഞ്ഞു. പക്ഷെ, മിന്റോപ്രഭുവിന്റെ കാലത്തു് കാശിപട്ടണത്തിന്റെ അധികാരം ഇന്ത്യാഗവർമ്മേണ്ടു് നേരിട്ടു് ഏറ്റെടുത്തുകൊണ്ടു് ബാക്കിയുള്ള കാശി സ്റ്റേയ്റ്റ് മാത്രം രാജകുടുംബത്തിലെ താവഴിക്കു് ഏല്പിച്ചുകൊടുത്തു. അതുപ്രകാരം കാശിരാജാവു് ഭരിച്ചുവന്നിരുന്ന കാശി സ്റ്റേയിറ്റ് 1949-ൽ ഇന്ത്യായൂനിയനിൽ ലയിച്ചു.

കാശി ഏകദേശം 4 ലക്ഷത്തോളം ജനസംഖ്യയുള്ള ഒരു നഗരമാണു്. ഈ ജനസംഖ്യക്കു പുറമെ ദിവസേന പല ഭാഗങ്ങളിൽനിന്നും ആയിരക്കണക്കിനു തീർത്ഥാടകരും സന്ദർശകരും വരികയും പോകയും (Floating Population) ചെയ്യുന്നു. കല്ക്കത്തയിൽനിന്നു ഏകദേശം അഞ്ഞൂറു നാഴികയും ബോംബായിൽനിന്നു ഏകദേശം 900 നാഴികയും മദിരാശിയിൽനിന്നു ഏകദേശം 1300 നാഴികയും ദൂരെയായി ഈസ്റ്റേൺ റെ

യിൽവെ കല്ക്കത്ത-മുഗൾസറായി-ഡൽഹി ലൈനിൽ ഗംഗാനദിയുടെ വടക്കെ കരയിലായി ഈ നഗരം എത്രയോ കാലത്തെ സംഭവബഹുലങ്ങളായ ചരിത്രങ്ങളും വഹിച്ചുകൊണ്ടു് സ്ഥിതിചെയ്യുന്നു. മദിരാശിയിൽനിന്നു ഖരഗ്പൂർ മുഗൾസറായി വഴിക്കും അല്ലങ്കിൽ കൽക്കത്ത വഴിക്കും, ഗ്രാൻറ് ട്രങ്ക്-ജാൻസി കോൺപൂർ വഴിക്കും, ഇട്ടരശി, അലഹബാദ് വഴിക്കും മററും സാധാരണയായി ജനങ്ങൾ പോകുന്നു.

ഗംഗയുടെ തെക്കേഭാഗത്ത് മുഗൾസ്രായി ലയിനിൽനിന്നു വരുന്ന വണ്ടി ഗംഗക്കുമീതെ ഏകദേശം മുക്കാൽ നാഴിക നീളത്തിൽ കെട്ടിയിട്ടിട്ടുള്ള ഗംഭീരാകൃതിയായ "ഡഫ്രിൻ" പാലത്തിന്മേൽ കയറിയാൽ, മന്ദമായി ഓളംവെട്ടുന്ന ഗംഗയും അതിൻെറ വടക്കെ കരയിൽ പലവിധത്തിലായി കെട്ടപ്പെട്ടിട്ടുള്ളതും അല്ലാത്തതും ആയ സ്നാനഘട്ടുകളും, പലമാതിരിയുള്ള എടുപ്പുകളും സ്തംഭങ്ങളും ഗോപുരങ്ങളും മററുമായി കിടക്കുന്ന കാശി പട്ടണത്തിൻെറ കാഴ്ച കൌതുകം ജനിപ്പിക്കും. മേല്പറഞ്ഞ "ഡഫ്രിൻപാലം" 1948വരെ ഇരട്ടറയിൽപാത (Double Line) യോടുകൂടിയ ഒരു കൂററൻ റയിൽപാലം മാത്രമായിരുന്നു. റോഡുപാലമില്ലാതിരുന്നതിനാൽ വടക്കേക്കരയും തെക്കേക്കരയും തമ്മിൽ റോഡുഗതാഗതത്തിന്നു സൌകര്യമില്ലാത്തതുകൊണ്ടു് വലിയ ബുദ്ധിമുട്ടായിരുന്നു. ഗംഗക്കു കാശിയിൽനിന്നു വളരെ ദൂരം മേലെയായി കിടക്കുന്ന കോൺപൂരിലോ

ഴിച്ചു എങ്ങും റോഡുപാലമുണ്ടായിരുന്നില്ല. മററു സ്ഥലങ്ങളിൽ വേനല്ക്കാലത്തു താൽക്കാലികമായി ഉണ്ടാക്കുന്ന ബോട്ട്പാലങ്ങളോ പൺട്ടൂൺ പാലങ്ങളോ മാത്രമെ ഉണ്ടായിരുന്നുള്ളു. കാശിയെ സംബന്ധിച്ചേടത്തോളം ഈ ഗതാഗതവൈഷമ്യം ഒരു വലിയ പ്രശ്നമായിത്തീൎന്നപ്പോൾ, മേല്പറഞ്ഞ ഗംഭീരാകൃതിയായ ഡഫ്രിൻപാലത്തിന്റെ മുകൾത്തട്ടിൽക്കൂടി റോഡ് പണിയുവാനുള്ള സാദ്ധ്യത ഇൻജിനീയർമാർ കണ്ടുപിടിച്ചു. അതുപ്രകാരം 1948-ൽ പണി തുടങ്ങി. രണ്ടു വശവും നദിക്കരയിൽ അവസാനിച്ചിരുന്ന മെയിൻ റോഡുകൾ പാലത്തിന്റെ നേക്കു തിരിച്ചു, (പാലംനില്ക്കുന്നതു് കുറെ ഉയൎന്ന വിതാനത്തിലാകയാൽ വളരെ ഉയരത്തോളം റോഡുകൾ ക്രമേണ പാലത്തിന്റെ മുകൾത്തട്ടുവരെ ഉയൎത്തി ഉയൎത്തിക്കൊണ്ടുവന്നു). പാലത്തിന്റെ മുകൾത്തട്ടിൽക്കൂടി റോഡ് പണിചെയ്തു ഇരു കരകളേയും യോജിപ്പിച്ചതു് ഏററവും പ്രയോജനകരമായിത്തീൎന്നു; എന്നു മാത്രമല്ല ഇൻജിനീയർമാരുടെ ഒരു നേട്ടവുംകൂടിയാണു്. വമ്പിച്ച തോതിൽ നടന്നിരുന്ന പ്രവൃത്തി 1951-ൽ ആണു് പൂൎത്തിയായതു്. ഭഗീരഥന്റെ പരിശ്രമംകൊണ്ടു് ഗംഗ ഭൂമിയിൽ എത്തിയതു മുതൽ ഇതുവരെ കാശിയിൽ ഉണ്ടാകാതിരുന്നതും അടുത്ത കാലത്തെ ഭഗീരഥപ്രയത്നംകൊണ്ടുണ്ടായതും ആയ ഈ അവസ്ഥ തികച്ചും ഉപയോഗിച്ചുകൊണ്ടു് മോട്ടോർ വാഹനങ്ങളും മററു വാഹനങ്ങളും

ജനങ്ങളും നിരവധിയായി ഇതിന്മേൽക്കൂടെ തീവണ്ടി ഗതാഗതത്തെ പുവടെയാക്കിക്കൊണ്ട് നിരന്തരം പ്രവഹിച്ചുകൊണ്ടിരിക്കുന്നു.

സ്റ്റേഷൻ:—വടക്കേക്കരയിൽ പാലത്തിന്നു തൊട്ടുതന്നെ കാശി സ്റ്റേഷൻ പ്ലേററ്ഫോറം സ്ഥിതിചെയ്യുന്നു. കാശി സ്റ്റേഷനിൽ പട്ടണത്തിലേക്കു പോകുവാൻ വാഹന ഗതാഗതങ്ങളും മററും കുറവാകയാൽ എല്ലാ കാര്യങ്ങൾക്കും അധികം സൌകര്യമുള്ളതും വലിയതും ആയ "ബനാറസ്സ് കൺടോൺമെൻറ്" ജങ്ക്ഷനിലാണ് നഗരത്തിലേക്കു പോകുന്ന അധികം ആളുകളും ഇറങ്ങുന്നത്. കാശിസ്റ്റേഷനിൽനിന്നു നാലഞ്ചുമിനുട്ടിന്നുള്ളിൽ വണ്ടി കൺടോൺമെൺ്റ് സ്റ്റേഷനിൽ എത്തുന്നു. കൺടോൺമെൻട് ജങ്ക്ഷൻ N. E. റെയിൽവെയുടെ (മീററർ ഗാജ് അഥവാ ചെറിയ ലൈൻ) ബനാറസ്സ് ശാഖ അവസാനിക്കുന്ന "ടെർമിനൽ" സ്റ്റേഷൻകൂടിയാണ്. ബനാറസ്സ്, നോത്ത് ഈസ്റ്റേൺ റെയിൽവെമാർഗ്ഗം ഗംഗക്ക് വടക്കുഭാഗത്തുള്ള ബിഹാർ പ്രദേശങ്ങളുമായും യു. പിയിലെ ഗോരക്പൂർ മുതലായ പട്ടണങ്ങളുമായും ബന്ധിക്കപ്പെട്ടിരിക്കുന്നു. സിററിസ്റ്റേഷൻ എന്ന മറെറാരു സ്റ്റേഷൻ പട്ടണത്തിൽ ഉള്ളതു N. E. റെയിൽവെ (ചെറിയ ലൈൻ) യുടെതാണ്. കൺടോൺമെൻറ് സ്റ്റേഷനിൽനിന്നു പട്ടണത്തിലേക്കു ഏകദേശം 3 നാഴികയോളം ദൂരമുണ്ട്. സിററിബസ്സ്, ടേക്സി, ടാങ്ക (കുതി

രവണ്ടി) സൈക്കിൾരക്ഷ (രണ്ടുപേർക്ക് കയറാവുന്നതു) ഫിക്ക (ചെറുതരം കുതിരകളെ കെട്ടുന്ന ഒരു പ്ലേററ്ഫോറംപോലെയുള്ള വണ്ടി) മുതലായവ ടൌണിലേക്ക പോകുവാൻ ഏതു സമയത്തും കിട്ടും. റിക്ക്ഷാകളും ടാങ്കുകളും മററും കൂലി വടക്കെ ഇന്ത്യയിലെ മററു പല ടൌണുകളേയും അപേക്ഷിച്ചു വളരെ സഹായമാണ്.

ഹോട്ടലുകൾ, താമസസ്ഥലങ്ങൾ:— കൺടോൺമെണ്ട് സ്റ്റേഷനിൽനിന്നു കുറച്ചുകലെ ടൌണിലേക്ക പോകുന്ന വഴിക്കുള്ള 'അമൃത് ഹോട്ടൽ', (ഇതിനു മുമ്പ് Paradise ഹോട്ടൽ എന്നായിരുന്നു പേർ) പട്ടണത്തിൻെറ ഏകദേശം കേന്ദ്രസ്ഥലമായ 'ഗൊഡോളിയ' മുക്കിന്നടുത്തുള്ള മോഡേൺ ലോഡ്ജിങ്ങ്, ദശാശ്വമേധഘട്ടറോഡിലുള്ള 'ബനാറസ് ലോഡ്ജ്', കാശ്മീരി ഹോട്ടൽ, ടൌൺഹാളിന്നടുത്തുള്ള 'ഗ്രാണ്ട് ഹോട്ടൽ' (Grand Hotel) മുതലായ ഹോട്ടലുകൾ ഭേദപ്പെട്ട ഹോട്ടലുകളും ഒരുവിധം നല്ല താമസസൌകയ്യമുള്ളവയുമാണു്. കൺടോൺമെൻറിൽ, കച്ചേരിക്ക പോകുന്ന വഴിയിൽ ഉള്ള ക്ലാക്സ് ഹോട്ടലിൽ (Clarks Hotel) ഇംഗ്ലിഷുമട്ടത്തിലുള്ള ആഹാരാദി സൌകയ്യങ്ങൾ വേണമെങ്കിൽ ലഭിക്കുന്നതാണ്. തീൎത്ഥയാത്രക്കാർക്കും മററും നഗരത്തിലുള്ള പ്രത്യേകിച്ചു ഗോഡോളിയക്കടുത്തുള്ള ഹോട്ടലുകളാണു നല്ലതു്. ഗൊഡോളിയ നാലുംകൂടിയ മുക്കിൽനിന്നു ദശാശ്വമേധഘട്ടിലേക്കുള്ള

റോഡിൻെറ വലത്തുവശത്തു ഗൊഡോലിയ ചൌക്കി ന്നും ഘട്ടിന്നും ഏകദേശം മദ്ധ്യത്തിലായി ഉള്ള ഒരു ഗല്ലിക്കിൽ ഒന്നുരണ്ടു മലയാളി ഹോട്ടലുകളും ഉണ്ടു്. മലയാളി വിഭവങ്ങളോടുകൂടിയ ഊൺ മുതലായവ കി ട്ടുന്നതാണ്. പക്ഷെ നല്ല താമസസൌകര്യം ഇല്ലെ ന്നാണ് തോന്നുന്നതു്. ഇവ കൂടാതെ താമസിക്കാൻ മാത്രം പററുന്ന 20ൽ പില്ലാനം ധർമ്മശാലകളുമുണ്ടു്. ഗൊഡോലിയിൽ ഉള്ള ധർമ്മശാലയും ടൌൺഹാളി ന്നടുത്തുള്ള ധർമ്മശാലയും മിക്കവാറും സൌകര്യവും ഒരുവിധം വൃത്തിയുള്ളതുമാണു്. ധർമ്മശാലകളിൽ മുറികൾ ഒഴിവുള്ള പക്ഷം മൂന്നു ദിവസത്തേക്ക് വാടക യില്ലാതെ കിട്ടുന്നതാണു്. മുറി കിട്ടാത്തപക്ഷം കോ ലായിലോ, മററു തളത്തിലൊ കഴിച്ചു കൂട്ടുന്നവരുണ്ടു്. കിണർ, കുളിക്കുവാനും മററുമുള്ള സൌകര്യങ്ങൾ മുത ലായവയും ധർമ്മശാലകളിലുണ്ടാവും.

ഗംഗയിലെ സ്നാനഘട്ടങ്ങൾ:— ഗംഗയിലെ സ്നാനഘട്ടങ്ങൾ നിരവധിയാണു്. നഗരത്തെ തൊട്ടു കിടക്കുന്ന നദിയുടെ കരഭാഗം മുഴുവനും അവിടവിടെ പ്രത്യേക പേരുകളോടുകൂടിയ സ്നാനഘട്ടകളാണു്. പ്രാ ധാന്യമുള്ളതും ജനങ്ങൾ അധികമായി ഉപയോഗിക്കു ന്നതും താഴെ പറയുന്നവയാണു്.

ദശാശ്വമേധഘട്ടു്:– കൺടോൺമെൻറ് സ്റ്റേഷ നിൽനിന്നു വരുന്ന റോഡ് ഗൊഡോലിയചൌക്ക് എന്ന നാലു നിരത്തുംകൂടിയ മുക്കിൽകൂടി നേരെ നദി

യിൽചെന്നവസാനിക്കുന്ന സ്ഥലമാണ് ദശാശ്വമേധ ഘട്ട്. അങ്ങാടിയോട് തൊട്ടുകിടക്കുന്നതുകൊണ്ടും മററുപല സൌകര്യങ്ങൾകൊണ്ടും മിക്കവാറും തീർത്ഥയാത്രക്കാരും മററും ഈ ഘട്ടിലാണ് സ്നാനം ചെയ്യുക പതിവ്. ഈ ഘട്ട് കാശിയിലെ പഞ്ചതീർത്ഥങ്ങളിൽ ഒന്നാണ്. ദുർഗ്ഗപൂജ മുതലായ അവസരങ്ങളിൽ ഈ ഘട്ടിൽ ധാരാളം ജനങ്ങൾ തടിച്ചുകൂടും. തല മുണ്ഡനം ചെയ്യുന്നവർ, പിണ്ഡംവെക്കുന്ന പൂജാരികൾ എന്നിവരും മററും കാക്കക്കണ്ണോടുകൂടി വലിയ വട്ടക്കുടകളുടെ ചുവട്ടിൽ (വെയിലിൽനിന്നു രക്ഷകിട്ടാൻ) ഈ ഘാട്ടിൽ ഇരിക്കുന്നുണ്ടാവും. ഈ വക കർമ്മങ്ങളും മററും ചെയ്യുന്നവർക്കുവേണ്ടി, കളഭം, സിന്ദൂരം, ചന്ദനം, ചുവന്നചരട്, ഭസ്മം മുതലായവയെല്ലാം അവരുടെ പക്കൽനിന്നുതന്നെ വാങ്ങാൻ കിട്ടും. ഈ ഘാട്ടിന്നു് ദശാശ്വമേധഘാട്ട് എന്നു പേർ സിദ്ധിക്കുവാൻ ഒരു കാരണമുണ്ടത്രെ.

പൌരാണികകാലത്ത്-അതായത് മനുഷ്യരിൽ പലരും ദേവന്മാരേക്കാൾ ഗുണവാന്മാരായിരുന്ന ആ നല്ലകാലത്ത്-കാശിയിൽ വളരെ ധർമ്മിഷ്ഠനായ ഒരു രാജാവുണ്ടായിരുന്നു. അദ്ദേഹം പല സൽക്കർമ്മങ്ങളെക്കൊണ്ടും മററും വളരെ ആത്മീയശക്തിയും മനശ്ശക്തിയും ഐശ്വര്യവും മററും സമ്പാദിച്ചു. എന്നാൽ നമ്മുടെ ഇടയിൽ ഇപ്പോൾ പ്രജായത്തം ഘോഷിക്കുന്ന ചില വൻകിട ശക്തികൾക്കു് മററു ചില രാജ്യങ്ങൾ

5-5-35

ശക്തിപ്പെട്ടുവരുന്നതു് അത്ര പിടിക്കാത്തതുപോലെ അന്നത്തെ ദേവന്മാൎക്കു് ഈ രാജാവിന്റെ ഐശ്വൎയ്യം അത്ര പിടിച്ചില്ല. അവർ ചെന്നു രാജാവിനെക്കൊണ്ടു് ബ്രഹ്മാവിനോടു് പല പരാതികളും പറഞ്ഞു. ദേവന്മാരുടെ പരാതികളെല്ലാം കേട്ടതിന്നുശേഷം ചില ഹേഡ്ക്ലാൎക്കുമാരുടേയും മററും നുണകൾ കേട്ട ഇൻസ്പക്ടർമാരുടേയും കൺട്രാക്ടർമാരുടേയും മററും 'കഴുത്തിൽ കയറുന്ന' ഒരാഫീസരെപ്പോലെ അതുവരെ കണ്ട ഗുണങ്ങളൊന്നും വകവെക്കാതെ, രാജാവിനെ ഒരു കഠിന പരീക്ഷണത്തിന്നു വിധേയനാക്കാൻ ബ്രഹ്മാവു് തീൎച്ചയാക്കുകയും രാജാവിനോടു് പത്തു അശ്വമേധയാഗം ശരിയാംവണ്ണം നിൎവ്വഹിപ്പാൻ കല്പന പാസ്സാക്കുകയും ചെയ്തു. കിട്ടാത്ത മരുന്നുകൾ കൂട്ടാതെയും, അഷ്ടവൎഗ്ഗത്തിന്നുപകരം ചിററമൃതു് മുതലായവ വെച്ചടിച്ചും പച്ചനെല്ലിക്കനീരു കിട്ടാതെ വരുമ്പോൾ ഉണക്കു് നെല്ലിക്ക കഷായംവെച്ചും ശുദ്ധപശുവിൻനെയ്യു് പകരം കൂട്ടരുതാത്ത, കൂട്ടുകൂട്ടിയ അങ്ങാടിനെയ്യു് കൂട്ടിയും മററും ലേഹ്യങ്ങൾ പൊടികൾ മുതലായവ തയ്യാറാക്കി വിധിപ്രകാരമാണെന്നു വിശ്വസിക്കയും ഘോഷിക്കയും ചെയ്യുന്ന നമ്മുടെ പല ആൎയ്യവൈദ്യന്മാരേയും പോലെ യാഗകാൎയ്യത്തിൽ രാജാവു് പ്രവൃത്തിക്കുന്ന പക്ഷം നിശ്ചയമായും രാജാവിന്റെ തസ്തിക ക്ലോസാക്കാൻതന്നെ ബ്രഹ്മാവു് കരുതിയിരുന്നിരിക്കണം. പക്ഷെ ബ്രഹ്മാവിന്റെ ഗൌരവഭാവത്തിൽനിന്നും

മാറും ഇതിലെന്തോ ചില ചരട്ടവലികളൊക്കെയു ണ്ടെന്നു മനസ്സിലാക്കിയ രാജാവു് ഏററവും ക്ഷമയോ ടും വളരെ ശ്രദ്ധയോടുംകൂടി വിധിയിൽനിന്നു അണു ചോലും പിഴക്കാതെ പത്തു യാഗങ്ങളും മേൽപറഞ്ഞ സ്ഥലത്തുവെച്ചു് ചെയ്തുതീത്തു. ബ്രഹ്മാവു് ഇതുകണ്ടു് സന്തോഷിച്ചു. മൂപ്പർ തന്റെ നിലക്കും വിലക്കും പററിയതല്ലെന്നു വിചാരിച്ചോ മറെറാ രാജാവിനെ വീണ്ടും ഇതിലധികം കഠിനമായ പരീക്ഷണങ്ങൾക്കു് വിധേയനാക്കിയില്ല. നമ്മുടെ കോടതികളിലും മററും ഗവമ്മേണ്ടു് കൊണ്ടുവരുന്ന ചില കേസുകളിൽ നീതി യും ന്യായവും അനുസരിച്ചു ചിലപ്പോൾ ഗവമ്മേണ്ടി ന്നെതിരായിത്തന്നെ വിധികല്പിക്കേണ്ടിവരുന്നതുപോ ലെ ബ്രഹ്മാവിന്നു ഈ കാൎയ്യത്തിൽ ദേവന്മാക്കെതിരാ യിത്തന്നെ വിധിക്കേണ്ടിവന്നു. എന്നു മാത്രമല്ല വരംകൊടുക്കുന്നതിൽ വലിയ ദാക്ഷിണ്യക്കാരനായി രുന്ന അദ്ദേഹം, രാജാവിന്നു പല നല്ല വരങ്ങളും ചോ ദിക്കാതെതന്നെ കൊടുത്തിരിക്കുമെന്നും അനുമാനി ക്കണം. ഇങ്ങിനെ ദശങ്ങളായ അശ്വമേധയാഗങ്ങൾ ഈ സ്ഥലത്തുവെച്ചു കൃതങ്ങളാകയാലാണത്രെ ഈ ഘാ ട്ടിന്നു ദശാശ്വമേധഘാട്ടു് എന്ന പേർ സിദ്ധിച്ചതു്.

**കേദാർഘാട്ടു്:**—കേദാരേശ്വര ക്ഷേത്രത്തിന്റെ സമീപം സ്ഥിതിചെയ്യുന്നതുകൊണ്ടാണ് ഇതിന്നു് കേദാർഘാട്ടു എന്നു പേർ സിദ്ധിച്ചതു്. ദശാശ്വമേധ ഘട്ടിന്നടുത്ത ഇതിൽ ദശാശ്വമേധഘട്ടിലെന്നപോലെ തന്നെ ധാരാളമാളുകൾ സ്നാനം ചെയ്യുന്നു.

മണികർണ്ണികഘട്ടം:— പഞ്ചതീർത്ഥങ്ങളിൽവെച്ച് ഏററവും പ്രധാനമാണെന്നു വിശ്വസിക്കപ്പെട്ടുവരുന്ന മണികർണ്ണികഘാട്ട് ദശാശ്വമേധഘാട്ടിൽനിന്നു കുറെ കിഴക്കായി സ്ഥിതിചെയ്യുന്നു. ദശാശ്വമേധഘട്ടിൽനിന്നു നോക്കിയാൽ കിഴക്ക് കുറെ ദൂരെയായി വളരെ ഉയൎന്ന ഒരു ഗോപുരമുള്ള ഏടുപ്പു കാണാം. അതിന്നു സമീപമാണ് ഈ മണികർണ്ണികഘാട്ട്. ഘാട്ടുകളിൽവെച്ചു ഭവ്യമായതെന്നു വിശ്വസിക്കപ്പെട്ടുവരുന്ന ഈ ഘട്ടിലാണ് ശവസംസ്കാരകർമ്മങ്ങൾ നടക്കുന്നതു്. മിക്കസമയങ്ങളിലും ഈ ഘാട്ടിൽ ശവദഹനകർമ്മങ്ങൾ നടക്കുന്നതായി കാണാം. ഇതിന്നടുത്തായി വിന്ദുമാധവ മൻദിർ എന്ന വിഷ്ണുക്ഷേത്രം സ്ഥിതിചെയ്യുന്നു. അതുകൊണ്ട് ഈ ഘട്ടിൽ വിഷ്ണുവിൻെറ സാന്നിദ്ധ്യം എപ്പോഴും ഉണ്ടെന്നാണ് വിശ്വസിക്കപ്പെടുന്നതു്. അതാണത്രെ ഈ ഘാട്ടിന്നിത്ര പ്രാധാന്യം വരുവാൻ കാരണം.

അസിഘാട്ടു:—ഏകദേശം പട്ടണത്തിൻെറ പടിഞ്ഞാറെ അററത്തു ഹിന്തു യൂനിവേർസിററിയുടെ സമീപത്തായി സ്ഥിതിചെയ്യുന്ന അസിഘാട്ട് പഞ്ചതീർത്ഥങ്ങളിൽ ആദ്യത്തേതായി ഗണിച്ചുവരുന്നു. പഞ്ചതീർത്ഥസ്ഥാനം ചെയ്യുന്നവർ ഒന്നാമതായി ഇവിടെ സ്നാനം ചെയ്യണമെന്നാണ് വെപ്പ്.

ബരുണഘട്ടം:-ഇതു പഞ്ചതീർത്ഥങ്ങളിൽ അവസാനത്തേതായി കരുതപ്പെടുന്നു. ഇതിന്നരികത്തായി

ആദികേശവ് മൻദിർ എന്ന ക്ഷേത്രം സ്ഥിതിചെയ്യുന്നു.

രാജ്ഘട്ട:-രാജ്ഘട്ട് കാശി റെയിൽവെ സ്റ്റേഷനു സമീപം കിടക്കുന്നു.

ബ്രഹ്മഘട്ട്, റാംഘട്ട്, ഹനുമാൻഘട്ട്, വിശ്വനാഥഘട്ട് തുടങ്ങി അനേകം ഘട്ടുകൾ ഇനിയുമുണ്ട്. എങ്കിലും പ്രധാനമായവ മേല്പറഞ്ഞവയാണ്.

## ക്ഷേത്രങ്ങൾ.

അനേകായിരം കൊല്ലങ്ങളായി ഇന്ത്യയുടെ നാനാഭാഗത്തുനിന്നു മാത്രമല്ല ഇന്ത്യക്കു പുറമെനിന്നുകൂടിയും അനേകായിരം തീൎത്ഥയാത്രക്കാരെയും സന്ദൎശകരെയും ആകൎഷിച്ചുകൊണ്ടുനിന്നിരുന്നതും നില്ക്കുന്നതും ആയ കാശി വിശ്വനാഥക്ഷേത്രം നഗരത്തിന്റെ ഏകദേശം മദ്ധ്യത്തിലായി മെയിൻറോഡുകളിൽനിന്നു വിട്ടു, വിശ്വനാഥ് ഗല്ലി തുടങ്ങിയ മൂന്നുനാലു ഗല്ലികളുടെ ഇടയിലായി സ്ഥിതിചെയ്യുന്നു. (ഗല്ലി എന്നതു രണ്ടുഭാഗവും ഉയൎന്ന കെട്ടിടങ്ങളുള്ളതും നാലഞ്ചടി മാത്രം വീതിയുള്ളതും ആയ ഇടുങ്ങിയ തെരുവുകളാകുന്നു) ക്ഷേത്രത്തിൽനിന്ന് ഗംഗയിലേക്കു പല ഗല്ലികളും കടന്നു കുറെ ദൂരം പോകണം. ദ്വാപരയുഗത്തിൽ കാശിക്ഷേത്രം നശിക്കപ്പെട്ടുപോയതായി പുരാണത്തിൽ രസകരമായ ഒരു കഥയുണ്ട്. വാസ്തവം നോക്കുമ്പോൾ 'നിസ്സാരമായൊരു പെണ്ണുമൂല'മാണ് സാര

മായ കാശീക്ഷേത്രം ദ്വാപരയുഗത്തിൽ നശിപ്പിക്കപ്പെട്ടുപോയതെന്നു കാണുന്നു. ബലവീര്യപരാക്രമിയായ ബാണാസുരൻ ദിഗ്ജയം ചെയ്തു അവസാനം ശിവനെ പ്രസാദിപ്പിച്ചു് തൻെറ കോട്ടയുടെ ദ്വാരപാലനായിരിക്കണമെന്നു അപേക്ഷിച്ചു. ഭക്തവാത്സല്യംകൊണ്ടോ അഥവാ ബാണാസുരനോട്ട് തല്ക്കാലം പ്രതൃക്കുന്നതു് നന്നല്ല എന്നുവിചാരിച്ചോ ശിവൻ ബാണാസുരൻെറ 'ചൌക്കിദാർ' ആയിരിപ്പാൻ ചില നിബന്ധനകളോടുകൂടി സമ്മതിച്ചു. ബാണാസുരൻെറ സുന്ദരിയായ മകൾ ഉഷ ഇന്നു നമ്മുടെ കോൺവൻറുകളിലും മററും പഠിക്കുന്ന പല പെൺകുട്ടികളെക്കാളും വളരെ പരിഷ്കരിച്ച ഒരു മട്ടുക്കാരിയായിരുന്നു. ഒരു പ്രണയവിവാഹം (Love Marriage) തന്നെ നടത്തണമെന്നു നിശ്ചയിച്ച അവൾ സമർത്ഥയായ തൻെറ സഖി ചിത്രലേഖയുടെ സഹായത്തോടെ, ശ്രീകൃഷ്ണൻെറ പൌത്രനായ അനിരുദ്ധനുമായി ഒരു 'റൊമാൻസ്' നടത്തി. മാത്രമല്ല സാമർത്ഥ്യപൂർവ്വം ആരും അറിയാതെ അനിരുദ്ധനെ വരുത്തി സ്വകാര്യമായി ബാണാസുരൻെറ കോട്ടയിൽതന്നെ താമസിപ്പിച്ചു. ഇങ്ങിനെയുള്ള കാര്യങ്ങളൊക്കെ എങ്ങിനെയൊ ബാണാസുരൻ അറിഞ്ഞു. അയാൾക്കു വല്ലാത്ത കോപം വന്നു. ബാണാസുരൻ വലിയ ധീരപരാക്രമിയും മററും ആയിരുന്നെങ്കിലും ഇങ്ങിനെയുള്ള കാര്യങ്ങളിൽ ഒരു തികഞ്ഞ യാഥാസ്ഥിതികനും ഒരു പിന്തിരിപ്പനും ആയി

രുന്നു. അയാറം അനിരുദ്ധനെ പിടിച്ചുകൊണ്ടുവരുവാൻ കല്പനകൊടുത്തു. അനിരുദ്ധനും ചില്ലറക്കാരനായിരുന്നില്ല. വ ിയ പരാക്രമിയായിരുന്ന ചങ്ങാതി വളരെ രാക്ഷസന്മാരെയൊക്കെ കൊന്നൊടുക്കിക്കളഞ്ഞു. അവസാനം "മായാരണ'ത്തിൽ വളരെ ഭടർ ചേർന്നു തീവ്രവ്യായാമനാകമനിരുദ്ധനെ" പിടിച്ചു ബന്ധിച്ചുകളഞ്ഞു. അതിനുശേഷം ബാണാസുരൻ മകളെ വളരെ ശാസിച്ചു. മലയാളത്തിലെ യാഥാസ്ഥിതികന്മാരായ പല തറവാട്ടുകാരണവന്മാരും തറവാട്ടിലെ വല്ല പെൺകട്ടികളും ഇങ്ങിനെയുള്ള വല്ല റൊമാൻസിനും മുതിരുന്നതുകണ്ടാൽ ചില വലിയ ഗുലുമാലുകളൊക്കെ ഉണ്ടാക്കി അവസാനം "നായിൻെറ——നീയെങ്ങാൻ ഇനി ആ ചെക്കനോട്ട് ഉരിയാടീട്ടുണ്ടെങ്കിൽ നിന്നെ കട്ടമേൽവെച്ചു തറച്ചുകളയും, നോക്കിക്കോ!" എന്നും മററും താക്കീതുചെയ്യുന്നതുപോലെ ബാണാസുരനും ഉഷക്ക ചില താക്കീതുകളെല്ലാം കൊടുത്തതിനുശേഷം തൻെറ മന്ത്രിയായ കുംഭാണ്ഡനെ സ്വകാര്യമായി വിളിച്ചു മകളുടെ മനസ്സ് മാററുന്നതിന്നു ഒന്നു ശ്രമിച്ചുനോക്കാൻ പറഞ്ഞു. "നരച്ചുവളന്നു മാറിൽതൊട്ടോരു താടി"യോടുകൂടിയ ആ "മേദുര ദീർഘകായൻ" കുംഭാണ്ഡൻ പല ചാടുകതികളും പ്രയോഗിച്ചു. "നിൻചിന്തകൾക്കർത്ഥമില്ല, ഭ്രമവും പ്രണയവുമേകമല്ല" "പ്രേമമായ് തെററിദ്ധരിച്ചതാമീ വ്യാമോഹമൊന്നു മറക്കുമോ നീ" എന്നും

മററും പറഞ്ഞുനോക്കി. പക്ഷെ, ചന്ദ്രിക പറഞ്ഞതു പോലെ "ആരെല്ലാമെന്തെല്ലാമോതിയാലും നേരിട്ടു കുററപ്പെടുത്തിയാലും", സ്നേഹിച്ചുപോയ അനിരുദ്ധനെ മാത്രമേ വേണ്ടു എന്നു ഉഷ ശഠിച്ചു. മാത്രമല്ല, "പോകട്ടെയച്ഛനരിശപ്പെട്ടെന്ന കാര്യം, സ്ത്രീകൾക്കു ഭർത്തൃസഹചര്യവെടിഞ്ഞു വസിച്ചിടാമൊ" എന്നു വരെ പറഞ്ഞുകളഞ്ഞു.

ഇവിടെ ഇങ്ങിനെയൊക്കെ നടന്നുകൊണ്ടിരിക്കുമ്പോൾ അന്നത്തെ ത്രൈലോക്യ ടൈംസ് പത്രമായിരുന്ന നാരദമഹർഷി മുഖാന്തരം, ബാണാസുരന്റെ കോട്ടയിൽ അനിരുദ്ധൻ ബന്ധനസ്ഥനായ വിവരവും മററും ദ്വാരകയിൽ ശ്രീകൃഷ്ണനും കൂട്ടരും അറിഞ്ഞു. ഉടനെ അവർ സൈന്യസമേതം ബദ്ധപ്പെട്ടു ബാണാസുരന്റെ കോട്ടയിലേക്ക് യാത്രയായി. അവിടെ എത്തിയപ്പോൾ ദ്വാരവാതിക്കലിൽ ത്രിമൂർത്തികളിൽ ഒരാളായ ശിവൻ നില്ക്കുന്നതായി ശ്രീകൃഷ്ണൻ കണ്ടു. രണ്ടുപേരും പണ്ടുപണ്ടെയുള്ള പിരിശവും ബന്ധവും കാരണം അന്യോന്യം സലാംചെയ്തു, കൈപിടിച്ചു കുലുക്കി കുശലപ്രശ്നങ്ങളും മററും ചെയ്തു. അതിനു ശേഷം ശ്രീകൃഷ്ണൻ താൻ വന്ന കാര്യം പറഞ്ഞു. അപ്പോഴാണ് ശിവൻ തെററിയതു്. ശിവൻ പറഞ്ഞു "ഞാൻ ഇവിടെ ഡ്യൂട്ടിയിലാണ്. ഡ്യൂട്ടി ചെയ്യുമ്പോൾ അതിൽനിന്നു അണുപോലും വ്യതിചലിക്കാൻ പാടില്ല. ആരായാലും ശരി, അകത്തു കാലുകുത്തുവാൻ

ഞാൻ സമ്മതിക്കയില്ല". ഗവമ്മേണ്ടിൽ ഫേവരിട്ടസവും (Favoritisam) നിപ്പോട്ടിസവും മററും നടത്തുന്നവരൊക്കെ ഈ ശിവനെ മാതൃകയാക്കിയിരുന്നെങ്കിൽ നമ്മുടെ ഗവമ്മേണ്ടുകളൊക്കെ എത്ര നന്നാകുമായിരുന്നു! ഏതായാലും അവിടെ ഒരു വലിയ സംഘഷ്നില ഉളവായി. രണ്ടു വൻശക്തികറം യുദ്ധത്തിന്നൊരുങ്ങുകയാണു്. ഈ പ്രശ്നം ഉന്നയിക്കുന്നതിന്നും ഉന്നയിച്ചശേഷം യാതൊരു തീമാനവും കാണാതെ നീട്ടിനീട്ടി വെക്കുന്നതിന്നും മററും അക്കാലത്ത് ഒരു ഐക്യരാഷ്ട്രസഭയും മററും ഇല്ലാതിരുന്നതിനാലും ഒരിക്കലും തീരാത്ത ചർച്ചകറം ചെയ്തുകൊണ്ടിരിക്കാൻ അക്കാലത്ത് കോൺഫ്രൻസുകറം കൂടാറില്ലാത്തതിനാലും അവിടെവെച്ചു അപ്പോറംതന്നെ യുദ്ധംപൊട്ടുമെന്ന മട്ടായി. ഈ സംഘഷ്നിലയും യുദ്ധത്തിൻെറ അനിവ്വാര്യതയും കണ്ട അന്നത്തെ പല മുതലാളിമാരും ഭക്ഷണസാധനങ്ങറംക്കും മററും വിലകൂട്ടിയും അവശ്യസാധനങ്ങളിൽ പൂഴ്ത്തിവെപ്പ് നടത്തിയും മററും കൊള്ളലാഭമടിച്ചു; അഥവാ അടിച്ചിട്ടുണ്ടായിരിക്കണം. അങ്ങിനെ യുദ്ധംപൊട്ടി. യുദ്ധം ചെയ്തു ചെയ്തു വൈഷ്ണവശക്തിയോട് നിവൃത്തിയില്ലാത്തതിനാൽ അവസാനക്കയ്യായി ശിവൻ ശിവജ്വരം എന്ന ശക്തിയെ പ്രയോഗിച്ചു. ശിവജ്വരം ചെന്നു ശ്രീകൃഷ്ണൻെറ സൈന്യങ്ങളെ ദഹിപ്പിക്കാൻ തുടങ്ങി. അതു കണ്ടു് ശ്രീകൃഷ്ണൻ വിഷ്ണുജ്വരത്തെ ശിവജ്വരത്തിൻെറ

നേക്കയച്ചു. ശക്തിയേറിന വിഷ്ണുജ്വരത്തോട് ശിവജ്വരം പതിനെട്ടടവും നോക്കി. നാലു വടിവും ചുവടും തഞ്ചം പതിനാലും നോക്കി. ഒന്നുംകൊണ്ടും ആവാത്തതിനാൽ പത്തൊമ്പതാമത്തെ അടവായ 'പാച്ചൽ' തുടങ്ങി. വിഷ്ണുജ്വരവും വിട്ടില്ല. 'വിഷ്ണുജ്വരത്തോട് കളിച്ചോരാരും തന്നില്ലം കണ്ടു മരിച്ചോരല്ല' എന്നു പറഞ്ഞുകൊണ്ടു വിഷ്ണുജ്വരവും പിന്നാലെ പാഞ്ഞു. ശിവജ്വരം കാശിയിലേക്കാണു പാഞ്ഞതു. പാഞ്ഞു കാശിക്ഷേത്രത്തിൽ പടിഞ്ഞാററയിൽ കടന്നു വാതിലടച്ചുകളഞ്ഞു. ശിവജ്വരത്തെ പിടികിട്ടാത്തതിനാൽ ക്രുദ്ധനും നിരാശനും ആയ വിഷ്ണുജ്വരം കാശിക്ഷേത്രവും പരിസരവും ഒക്കെ ദഹിപ്പിച്ചു ചാമ്പലാക്കിക്കളഞ്ഞു. ഇങ്ങിനെയാണത്രെ ദ്വാപരയുഗത്തിൽ കാശിക്ഷേത്രം നശിപ്പിക്കപ്പെട്ടതു.

അതിനുശേഷം ഉണ്ടായതാണത്രെ ലോകത്തിൽ പ്രശസ്തി പരത്തിക്കൊണ്ടു അടുത്ത കാലംവരെ നിലനിന്നിരുന്ന ഗംഭീരമായിരുന്ന കാശിവിശ്വനാഥക്ഷേത്രം. ഏകദേശം 500കൊല്ലങ്ങൾക്കുമുമ്പ് പ്രസ്തുത മഹാക്ഷേത്രം മുഹമ്മദീയരാജാക്കന്മാരുടെ ആക്രമണത്തിന്നിരയായി. അവസാനമായി ഔറംഗസീബിന്റെ വാഴ്ചക്കാലത്തു ആയാൾ ആ ക്ഷേത്രം തീരെ നശിപ്പിക്കുകയും അതിന്റെ അവശിഷ്ടത്തിന്മേൽ ഒരു പള്ളി പണിയിക്കുകയും ചെയ്തു. ഔറംഗസീബിന്റെ ക്രൂരകൃത്യം ലോകത്തിനു തെളിയിച്ചുകൊടുക്കാനൊ എന്നു തോന്നുമാറു

ക്ഷേത്രത്തിന്റേതായിരുന്ന ഒരു ചുമരിന്റെ അവശിഷ്ടം പള്ളിയുടെ പിൻഭാഗത്തു പള്ളിയോടു തൊട്ടുതന്നെ പൊളിക്കാതെ നിർത്തിയിരിക്കുന്നു. കരിങ്കൽത്തൂണുകളാലും പ്രതിമകളാലും നിറഞ്ഞതും അവശിഷ്ടത്തിന്റെ ചെറിയൊരു ഭാഗമെങ്കിലും ആ നിലയിൽകൂടി ഗാംഭീര്യം തോന്നിക്കുന്നതും ആയ ഈ ചുമരിൽനിന്നും അതിന്റെ പരിസരപ്രദേശങ്ങളിൽനിന്നും പുരാതന വിശ്വനാഥക്ഷേത്രത്തിന്റെ പ്രൌഢിയും ഗാംഭീര്യവും എത്രത്തോളമായിരുന്നുവെന്നു ഊഹിക്കാം. ഒരു പക്ഷെ, ആ പള്ളി നില്ക്കുന്ന സ്ഥലവും അതിന്നു ചുററുപാടുള്ള സ്ഥലങ്ങളും ഒക്കെ ക്ഷേത്രത്തിൽ ആവരണം ചെയ്യപ്പെട്ടതായിരുന്നു എന്നു കരുതേണ്ടിയിരിക്കുന്നു. ഇങ്ങിനെയുള്ള നശിപ്പിക്കപ്പെട്ട അവശിഷ്ടങ്ങൾ കാണുമ്പോൾ കലാകാരന്മാക്ക് വേദന ജനിച്ചേക്കാം. ചരിത്രാന്വേഷകന്മാർ തെല്ല് അസ്വസ്ഥരായേക്കാം. വേദാന്തികളെ അത് ചിന്തിപ്പിച്ചേക്കാം. എന്നാൽ ഒരു സാധാരണക്കാരനായ സന്ദർശകന്റെയൊ തീർത്ഥാടകന്റെയൊ ഹൃദയത്തിൽ അതു കുറെ നിരാശയും ശോകവും ഉളവാക്കിയേക്കും. ഇങ്ങിനെയുള്ള നശീകരണപ്രവൃത്തിയിൽ വെറും ക്ഷേത്രകലകൾ മാത്രമല്ല നശിച്ചുപോകുന്നതു. കാശി വളരെക്കാലമായി ഭാരതത്തിന്റെ സംസ്കാരകേന്ദ്രമായിരുന്നല്ലോ. നാനാഭാഗത്തുനിന്നും വിദ്വാന്മാരും പണ്ഡിതന്മാരും ശാസ്ത്രജ്ഞന്മാരും തത്വജ്ഞാനികളും ഒക്കെ അവിടേക്കു പ്രവഹിച്ചി

രുന്നു. ആയതിനാൽ വിലപിടിച്ച അനവധി ഗ്രന്ഥപ്പുരകളുടേയും കേന്ദ്രമായിരുന്നു കാശി. അമൂല്യങ്ങളും മററെങ്ങും ഇല്ലാത്തതുമായ പല ഗ്രന്ഥങ്ങളും അവിടെ സൂക്ഷിക്കപ്പെട്ടിട്ടുണ്ടായിരുന്നിരിക്കണം. അവയിൽ പലതും നാമാവശേഷമാകുകയല്ല; നാമംതന്നെ അവശേഷിക്കാതേയും പോയിട്ടുണ്ടാവാം. കാരണം വമ്പിച്ച തോതിൽ ആക്രമണവും നാടടക്കം ഭയങ്കരമായ നശീകരണപ്രവൃത്തികളും നടക്കുമ്പോൾ ഇങ്ങിനെയുള്ള ഗ്രന്ഥങ്ങളും അവയെപ്പററി അറിയുന്നവരും അവ സൂക്ഷിക്കുന്നവരും ഒക്കെ രക്ഷപ്പെടാൻ കഴിയാതെ ഒന്നിച്ചു നശിക്കുമ്പോൾ പിന്നെയെങ്ങിനെയാണു പിന്നീട്ടുള്ള തലമുറകൾക്ക് അപ്രകാരമിരുന്നിരുന്ന ചില ഗ്രന്ഥങ്ങളുടെ നാമങ്ങളും വിവരങ്ങളും കിട്ടുന്നതു്? അതുകൊണ്ടു ഭാരതത്തിന്നു അഭിമാനം കൊള്ളാവുന്നതും എന്നാൽ പിന്നീട്ടുള്ള തലമുറകൾക്ക് അറിയപ്പെടാൻ സാധിക്കാത്തതുമായ പല ഗ്രന്ഥങ്ങളും ഇങ്ങിനെ നശിച്ചുപോയിട്ടുണ്ടാവണമെന്നു നമുക്ക് ഊഹിക്കാം. ഇതൊക്കെ ആലോചിക്കുമ്പോൾ ഔറംഗസീബ് മുതലായ രാജാക്കന്മാർ വെറും ക്ഷേത്രധ്വംസകന്മാർ മാത്രമായിരുന്നില്ല; കലാധ്വംസകന്മാരും സംസ്കാരധ്വംസകന്മാരുംകൂടിയായിരുന്നുവെന്ന് നാം അനുമാനിച്ചുപോകും.

ഇപ്പോഴത്തെ വിശ്വനാഥക്ഷേത്രം ഇതിന്നു സമീപത്തുതന്നെ സ്ഥിതിചെയ്യുന്നു. അടുത്ത കാലത്തു് അതായതു് ഏകദേശം 200 കൊല്ലങ്ങൾക്ക് മുമ്പ്

പണിയിച്ചതാണത്രെ പ്രസ്തുത ക്ഷേത്രം. ക്ഷേത്രം അത്ര വലിയ ഒരു കാഴ്ചയുള്ളതൊ ഗാംഭീര്യമുള്ളതൊ ആയി തോന്നിക്കുന്നില്ല. ക്ഷേത്രത്തിന്റെ മൂന്നുഭാഗവും പൊതുവഴിയായ ഗല്ലികളാണു്. ഇടുങ്ങിയ ഗല്ലികളുടെ ഒരു ഭാഗം ക്ഷേത്രത്തിന്റെ ചുമരാണു്. മറ്റെ ഭാഗത്തു ഷാപ്പുകളും ക്ഷേത്രത്തിനെക്കാറം ഉയൎന്ന മററു എടുപ്പുകളും ആയതിനാൽ ക്ഷേത്രത്തിന്റെ ആകെ കാഴ്ച കിട്ടാൻതന്നെ പ്രയാസം. ഇതിന്റെ മേൽഭാഗത്തുള്ള ഗോപുരം സ്വൎണ്ണത്തകിടിൽ പൊതിഞ്ഞു മനോഹരമാക്കിയിരിക്കുന്നു. അതുകൊണ്ടു് ഇതിന്നു സ്വൎണ്ണക്ഷേത്രം (Golden Temple) എന്നുകൂടി പേർ വിളിക്കപ്പെട്ടുവരുന്നു. ക്ഷേത്രത്തിന്റെ ഉള്ളിൽ മേൽഭാഗത്തു കയറുവാനുള്ള കൽപടവുകളിൽകൂടി കയറിനോക്കിയാൽ മാത്രമെ ഈ ഗോപുരം കാണുകയുള്ളു. പഴയ ക്ഷേത്രത്തിന്റെ സമീപത്തുനിന്നു നോക്കിയാലും ഗോപുരത്തിന്റെ ഒരു വശം കാണാം.

ജ്ഞാനവാപി:— ഈ ക്ഷേത്രത്തിന്നു ഏകദേശം തൊട്ടുതന്നെ (പഴയ ക്ഷേത്രത്തിന്നും ഈ ക്ഷേത്രത്തിന്നും ഇടക്കുള്ള സ്ഥലത്തിൽ) ഒരു ചെറുകിണർ സ്ഥിതിചെയ്യുന്നു. ഇതിനെ ജ്ഞാനവാപി എന്നാണു് പറയുന്നതു്. വളരെ ഭവ്യമായി കരുതിവരുന്ന ഈ കിണർ മിക്കവാറും വൃത്തികെട്ടും ജീൎണ്ണിച്ചും ഒരു ഈറൻ മട്ടിൽ കിടക്കുന്നു. ഇതിൽനിന്നാണത്രെ ഇപ്പോഴത്തെ ക്ഷേത്രത്തിലെ പ്രതിഷ്ഠയായ ശിവലിംഗം കണ്ടുകിട്ടിയതു്.

അന്നപൂർണ്ണേശ്വരിക്ഷേത്രം:—വിശ്വനാഥക്ഷേത്രത്തിന്നു അഭിമുഖമായി സ്ഥിതിചെയ്യുന്നു. പ്രതിഷ്ഠ അന്നപൂർണ്ണേശ്വരിയാണു്. വിശ്വനാഥദർശനം ചെയ്യുന്നവർ അന്നപൂർണ്ണേശ്വരിദർശനവും കഴിക്കണമെന്നാണു് വെപ്പു്. ജീർണ്ണിച്ച ഒരു ഈറൻ മട്ടവും എന്തോ ഒരു വെടിപ്പില്ലായ്മയും തോന്നും ആ പരിസരത്തിന്നു്. ആ ഗല്ലിയിൽക്കൂടി പോകുമ്പോൾ അതിന്റെ ഗയിററിൻക്കൂടി നോക്കിയാൽ അതൊരു ക്ഷേത്രമാണെന്നുപോലും പെട്ടെന്നു തോന്നുകയില്ല.

കേദാരേശ്വർമൻദിർ:—മുൻപു് പ്രസ്താവിച്ച കേദാരഘട്ടിൽ സ്ഥിതിചെയ്യുന്നു. കേദാരഘട്ടിൽ സ്നാനംചെയ്യുന്നവർ മിക്കവരും ഈ ക്ഷേത്രത്തിൽ ദർശനംകഴിക്കുന്നു. തമിഴ്നാട്ടിലെ ചെറുകോവിലുകളുടെ ഒരു ഏകദേശഛായയുണ്ടു് ആ ക്ഷേത്രത്തിന്നു്.

ബിൻദുമാധവ്മൻദിർ:—മൻപു് പ്രസ്താവിച്ച മണികർണ്ണികഘട്ടിന്നടുത്തു് സ്ഥിതിചെയ്യുന്നു. ഇവിടെയുണ്ടായിരുന്ന പുരാതന ഗംഭീരവിഷ്ണുക്ഷേത്രം കാശിയിലെ വീശ്വനാഥക്ഷേത്രംപോലെതന്നെ പ്രധാനപ്പെട്ടതായിരുന്നുവത്രെ. ക്ഷേത്രവും ഗർഭഗൃഹവും മററും ഗംഗയിൽ പ്രതിഫലിച്ചിരുന്നുവെന്നു പറയപ്പെടുന്നു. ആ ക്ഷേത്രം ഔറംഗസീബ് പൊളിച്ചുകളയുകയും ആ സ്ഥാനത്തു് ഇരുനൂറടി ഉയരമുള്ള രണ്ടു സ്തംഭങ്ങളോടുകൂടി ഒരു പള്ളി പണിയുകയുംചെയ്തു. പള്ളി ഇപ്പോൾ ഉപയോഗിക്കാതെ പുരാതനവസ്തുസംരക്ഷകഡിപ്പാർട്ടു്

മെണ്ടിൻ സംരക്ഷണയിൽ ജനങ്ങൾക്ക് കാണുവാൻ നിർത്തിയിരിക്കയാണ്. ഇതിന്നടുത്തു അടുത്തകാലത്തു പണിചെയ്തിട്ടുള്ള ഒരു പെരുക്ഷേത്രമാണ് ഇപ്പോഴത്തെ ബിന്ദുമാധവക്ഷേത്രം.

**കാലഭൈരവ മൻദിർ:—** നഗരത്തിന്റെ മദ്ധ്യത്തിൽ 'ചൌക്ക്' എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം പുരാണങ്ങളിൽ പ്രസിദ്ധമായ ഭൈരവക്ഷേത്രങ്ങളിൽ എട്ടാമത്തെതാണെന്നു വിശ്വസിക്കപ്പെടുന്നു.

കാശിയിലെ മിക്ക ക്ഷേത്രങ്ങളും തെക്കെ ഇന്ത്യയിലെ പല ക്ഷേത്രങ്ങളേയും പോലെ ഗംഭീരങ്ങളൊ വിചിത്രങ്ങളൊ മനോഹരങ്ങളൊ ആയി കാണപ്പെടുന്നില്ല. കാശിയിലെന്നുവേണ്ട, മഥുര, വൃന്ദാവനം, മുതലായ മററു സ്ഥലങ്ങളിലെ കാര്യങ്ങളും ഏതാണ്ടിതുപോലെതന്നെയാണ്. പുരാതനക്ഷേത്രങ്ങളെല്ലാം ഔരോപ്രാവശ്യം നശിപ്പിക്കപ്പെടുകയും അടിക്കടി ആക്രമങ്ങളും മററും ഉണ്ടായികൊണ്ടിരിക്കയും ചെയ്തതിനാൽ വമ്പിച്ച ക്ഷേത്രങ്ങൾ പണിയുവാൻ ആരും മുതിരാതിരുന്നതായിരിക്കണം ഒരു പക്ഷെ ഇതിന്നു കാരണം. മാത്രമല്ല അടിക്കടിയുള്ള ആക്രമണങ്ങളാലും യാതനകളാലും ജനങ്ങളുടെ അതിന്നുള്ള കഴിവും കുറെയൊക്കെ നശിച്ചുപോയിരുന്നിരിക്കാം.

**ക്ഷേത്രങ്ങളിൽ ചെയ്യേണ്ടുന്നതു്:—** ഗംഗാസ്നാനംചെയ്തു വിശ്വനാഥദർശനവും അന്നപൂർണ്ണദശനവും

കഴിക്കുകയാണു് സാധാരണ മിക്കവരും ചെയ്യുന്നതു്. (പിതൃക്കളുടെ പിണ്ഡംവെക്കുക മുതലായ കർമ്മങ്ങൾ ചെയ്യണമെങ്കിൽ ദശാശ്വമേധഘട്ടിൽതന്നെ അതി ന്നായി ചില പുരോഹിതന്മാരുംമററും ഇരിക്കുന്നുണ്ടു്) ചില തീർത്ഥാടകന്മാർ പഞ്ചതീർത്ഥസ്നാനവും ചെയ്യുന്നു. ഭക്തിമൂത്ത ചിലർ കാശിനഗരം പ്രദിക്ഷിണം ചെയ്യു മെന്നുകൂടി പറയപ്പെടുന്നു. വിശ്വനാഥ ക്ഷേത്രത്തിൽ അർച്ചന മുതലായതു ചെയ്യണമെങ്കിൽ ക്ഷേത്രത്തിന്റെ മുമ്പിലുള്ള കടകളിൽതന്നെ പുഷ്പങ്ങൾ, പവിത്രങ്ങൾ, നിവേദ്യങ്ങൾ മുതലായ സാധനങ്ങൾ കിട്ടുന്നതാണു്. അവയെല്ലാം അവരവരുടെ യഥാശക്തി വാങ്ങാവുന്ന താണു്. ചുരുങ്ങിയതു് ഒന്നേകാൽ ഉറപ്പിക വേണ്ടി വരും. കാശി വിശ്വനാഥൻ വടക്കെ ഇന്ത്യക്കാരനാ കയാൽ അവിടങ്ങളിൽ പ്രചാരമുള്ള ലഡു, ജിലേബി, ഹൽവ, പേട (പാലും പഞ്ചസാരയും കൂട്ടിയുണ്ടാക്കുന്ന കുമിളകൾപോലെയുള്ള പലഹാരം) മുതലായവയാണു് നിവേദിക്കുക. കൂടെ ഒരു പുരോഹിതനുണ്ടാകണമെ ന്നാണു് വെപ്പു്. നമ്മളെ സമീപിക്കുന്ന ഒരു ഇൻഷൂ റൻസ് ഏജണ്ടിനെ, നമ്മൾ പോളിസി എടുത്തു പോയി എന്നോ അല്ലെങ്കിൽ നമ്മളും ഒരു ഇൻഷൂ റൻസ് ഏജണ്ടാണെന്നു പറഞ്ഞോ ഒഴിവാക്കാവുന്ന താണു്. എന്നാൽ കാശിയിൽ അർച്ചനചെയ്യുവാൻ ഭാവമുള്ള ഒരു തീർത്ഥാടകന്നു ആയാളെ സമീപിക്കുന്ന ഒരു പുരോഹിതനെ അകററാൻ വലിയ വിഷമമാണു്.

ഏതായാലും പുരോഹിതനോട് ആയാളുടെ പ്രതിഫലത്തെപ്പററി ആദ്യംതന്നെ ചർച്ചചെയ്തു തീർച്ചയാക്കുന്നതു് നല്ലതാണു്. അല്ലെങ്കിൽ പിന്നീടു് വഴക്കടിക്കാനുള്ള ഒരു കാരണമാവും. വിശ്വനാഥദർശനവും അന്നപൂർണ്ണേശ്വരിദർശനവും കഴിപ്പാൻ പുരോഹിതന്മാർ ഒരുറുപ്പികയോ രണ്ടുറുപ്പികയോ മുതൽ മേല്പോട്ടുള്ള സംഖ്യ അവരുടെ സാമർത്ഥ്യംപോലെ ഈടാക്കികളയും. അവരവരുടെ ധനസ്ഥിതിക്കനുസരിച്ചും തൃപ്തിക്കനുസരിച്ചും കൊടുക്കാവുന്നതാണു്. ഏതുവിധം അർച്ചനയാണു് വേണ്ടതെന്നു നിശ്ചയിച്ചു അതിന്നുള്ള സാധനങ്ങൾ പുരോഹിതനോടുകൂടി അവിടെനിന്നുതന്നെ വാങ്ങാവുന്നതാണു്. ഷൂസും ചെരിപ്പും അവിടെ അഴിച്ചുവെക്കാം. അതു സൂക്ഷിക്കുന്നതിന്നു അവിടെത്തന്നെ ആൾക്കാരുണ്ടാവും. മടങ്ങിവരുമ്പോൾ അവർക്കു് യഥാശക്തി ഒന്നോ രണ്ടോ അണ കൊടുക്കണം. കാശി വിശ്വനാഥന്റെ സന്ദർശകരുടെ ഉടുപ്പിനെപ്പററി യാതൊരു നിബന്ധനകളുമില്ല എന്നാണു കണ്ടതു. ഷർട്ടോ, കോട്ടോ, പാന്റോ, മേൽത്തിയോ എല്ലാം ധരിച്ചുകൊണ്ടു അകത്തു പ്രവേശിക്കാം. എന്നാൽ നമ്മുടെ നാട്ടിലുള്ള ചില ഈശ്വരന്മാർക്കും അവരുടെ ആൾക്കാർക്കും ക്ഷേത്രത്തിൽ കടക്കുമ്പോൾ 'കുപ്പായം' അഴിക്കണം എന്ന നിർബ്ബന്ധം കാണുമ്പോൾ അതിൽ വല്ല അർത്ഥവുമുണ്ടോ എന്നു നമ്മൾ

ആലോചിച്ചുപോകും. എന്നാൽ സ്ത്രീകളോട് ഇവക്കു വലിയ ബഹുമാനമാണ്. അവർ 'കുപ്പായം' അഴിക്കണമെന്നില്ല. കുറച്ചുകാലം മുമ്പുവരെ വലിയവരെ കാണുവാൻ പോകുന്ന കുറച്ചു താണ കക്ഷികൾ 'കുപ്പായവും' 'തലക്കെട്ടും' അഴിച്ചു കക്ഷത്തിൽവെച്ചു ബഹുമാനം സൂചിപ്പിക്കുന്നതുപോലെ ഈശ്വരനോടു ബഹുമാനം സൂചിപ്പിക്കുവാനായിരിക്കണം ഇതൊക്കെ. ചില വലിയ ക്ഷേത്രങ്ങളിലും മററും ശ്രീകോവിലുകളിൽകൂടി ഇലക്ട്രിക്ക് വിളക്കുകൾ സ്ഥാനംപിടിച്ചു മുമ്പുള്ള കാലങ്ങളിലെ അവസ്ഥക്കു ഒരു പരിവത്തനം വരുത്തിയിരിക്കുന്നതുപോലെ, പല വലിയ ക്ഷേത്രങ്ങളിലും ഇല്ലാത്ത ഇങ്ങിനെയുള്ള ഒരു അനാവശ്യമായ ആചാരത്തിൽ നിർബ്ബന്ധം വെക്കാതെ, കാലത്തിനൊത്തു ഇതൊക്കെ അയവാക്കുന്നതു ആശാസ്യമായിരിക്കുമെന്നാണു കരുതേണ്ടതു.

പിന്നെ കാശിവിശ്വനാഥൻെറ വേറൊരു ഗുണം അവിടെ പരദേശത്തുനിന്നു വരുന്നവക്കൊക്കെ ജാതിവ്യത്യാസമില്ലാതെ പ്രവേശിക്കാമെന്നതാണ്. "എത്രമേൽ ബ്രഹ്മസൂത്രഭാഷ്യംനീ നിമ്മിക്കിലും എത്രമേൽ സവ്വജ്ഞപീഠാരൂഢനായിടിലും" മററുള്ളവരെയും നിന്നെപ്പോലെ കരുതിയില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല എന്നു ശ്രീശങ്കരാചാര്യരോടുതന്നെ പറഞ്ഞ ആളല്ലേ? കേരളത്തിലെ അരയൻ, തീയ്യൻ, നായർ, മേനോൻ, മേനോക്കി, മന്നാടി, അടിയോടി, കൈ

ക്കോർ മുതലായ ജാതികളെപ്പററി കാശിവിശ്വനാഥൻ കേട്ടിട്ടപോലുമില്ല. ഇങ്ങിനെ തമ്മിൽ തമ്മിൽ ഉയന്നവരാണെന്നു നടിക്കുന്ന ചില ജാതികളുണ്ടെന്നുപോലും കാശി വിശ്വനാഥൻ വകവെച്ചുകൊടുക്കുകയില്ല. അതുകൊണ്ടു്, അരയൻ, തീയ്യൻ, ഈഴവൻ, നായർ, നമ്പ്യാർ, കൈക്കോർ മുതലായവർക്കെല്ലാം അവിടെ യാതൊരു ഉയർച്ചയും താഴ്ചയും ഇല്ല. എല്ലാം ഒരുപോലെ. ശരിയല്ലെ? "ബ്രാഹ്മണോസ്യ മുഖമാസീദ് ബാഹൂരാജന്യകൃത" എന്നു തുടങ്ങിയുള്ള ശ്രുതിവാക്യങ്ങളെയും "ചാതുർവ്വണ്യം മയാസൃഷ്ടം ഗുണകർമ്മവിഭാഗശഃ" എന്നു തുടങ്ങിയുള്ള ഭഗവൽഗീതാ വചനങ്ങളെയും ആസ്പദിച്ചു ഹിന്ദുമതത്തിൽ വർണ്ണവ്യത്യാസം നോക്കണമെന്നു കേരളത്തിലെ ചില ഈശ്വരന്മാർക്കു് നിർബ്ബന്ധമാണെങ്കിൽതന്നെ ശൂദ്രരിൽപെട്ടുന്ന അരയനും തീയനും നായരും കൈക്കോറും നായനാരും വാര്യരും ഒക്കെ സമന്മാരല്ലെ? അവർ തമ്മിലെന്തിനു ഉയന്നതും താണതുമായി അനാവശ്യമായി അഭിമാനിക്കയും അഭിനയിക്കയും ചെയ്യണം? അരയർ, തീയർ മുതലായവരിൽനിന്നു നായർ, നമ്പ്യാർ, മേനവൻ മുതലായവർ ഉയന്ന ജാതിക്കാരാണെന്ന ഒരു സങ്കല്പം ഉണ്ടായിത്തീന്നതു് കേരള ചരിത്രത്തിലെ ചില പരിതസ്ഥിതികൾമൂലം പററിയ കേവലം ഒരപകടമൊ അഥവാ ചില ആകസ്മിക സംഭവങ്ങളൊ മാത്രമാണു്. ചുരുക്കിപ്പറഞ്ഞാൽ കേരളചരിത്രത്തിൽ

പററിയ ഒരപകടവും അബദ്ധവും അസംബന്ധവും ആണു് ഈ ജാതി വ്യത്യാസങ്ങൾ. സംസ്കാരവും പരിഷ്കാരവും ഉള്ളവനും സത്യസന്ധത തുടങ്ങിയുള്ള ഗുണങ്ങളുള്ളവനുമായ ഒരു ഹരിജനെക്കാളൊ, അരയനെക്കാളൊ, ഈഴവനെക്കാളൊ യാതൊരു മേന്മയും ഇതൊന്നുമില്ലാത്ത ഒരു നായൎക്കൊ, കൈമൾക്കാൎക്കൊ, നമ്പീശനൊ, അതല്ല പട്ടൎക്കുതന്നെയൊ ഇല്ല. ജന്മം കൊണ്ടു് ഉണ്ടെന്നു അഭിമാനിക്കുന്നതു വെറും അഴകിയ ഒരു ദുരഭിമാനം മാത്രമാണു്. കാശിയിലെയും, മധുര വൃന്ദാവനങ്ങളിലെയും, അയോദ്ധ്യയിലെയും, കാളീഘട്ടിലെയും ക്ഷേത്രങ്ങളിൽ അരയരും, ഈഴവരും, തീയ്യരും, നായരും, മേനോനും ഒക്കെ സമന്മാരായിരിക്കെ, കേരളത്തിലെ ക്ഷേത്രത്തോളം മാഹാത്മ്യമില്ലാത്തതൊ അല്ലെങ്കിൽ അവയുടെ ഒരു 'സെക്കണ്ടറി ഗ്രെയിഡ്' മാത്രമുള്ളതൊ ആയ ചില ശിവക്ഷേത്രങ്ങളിലും വിഷ്ണുക്ഷേത്രങ്ങളിലും കാളിക്ഷേത്രങ്ങളിലും ഉള്ള ദേവന്മാൎക്കും ദേവിമാൎക്കും ചിലർ ഉയൎന്നജാതിയും മററുചിലർ താണജാതിയും ആയിപ്പോയതു് എങ്ങിനെയാണു്? "അഞ്ജന ശൈലോപരി ശശിരശ്മികൾ തട്ടുന്നേരം അഞ്ജസാ കറുത്തുപോമെന്നതു ബോധിക്കേണം". എന്നു കുഞ്ചൻമഹാകവി പാടിയതുപോലെ ഈ ദേവന്മാരും ദേവിമാരും കേരളത്തിൽ കുടിയിരിപ്പു് തുടങ്ങിയതുമുതൽ കേരളത്തിലെ ഭ്രാന്തു് അവൎക്കും പിടിപെട്ടായിരിക്കും എന്നല്ലാതെ മറെറന്താണു് കരുതേണ്ടതു്.

നമ്മൾ ശാന്തരായി എല്ലാവരും മനുഷ്യരെന്ന നിലയിലും യുക്തിയുക്തമായും വിശാലമായും ചിന്തിച്ചുനോക്കുന്നപക്ഷം ഈ ജാതിവ്യത്യാസങ്ങളുടെ കഴമ്പില്ലായ്മയെപ്പററി ശരിയായി മനസ്സിലാവുന്നതാണ്. അങ്ങിനെ യുക്തിപൂർവ്വം ചിന്തിക്കുന്നതിന്നുള്ള ക്ഷമയില്ലെങ്കിൽ 'ഈശാവാസ്യമിദം സർവ്വം' "യസ്മിൻ സർവ്വാനി ഭൂതാനി ആത്മന്യേവാനുപശ്യതി" എന്നു തുടങ്ങിയുള്ള ഉപനിഷത് വചനാദികളുടെയും "യച്ചാപിസർവ്വഭൂതാനാം ബീജം തദഹമർജ്ജുന:" 'യോ മാം പശ്യതി സർവ്വത്ര സർവ്വം ച മയി പശ്യതി" എന്നു തുടങ്ങിയുള്ള ഗീതാദിവചനങ്ങളുടെയും മററും സാരാംശം ഗ്രഹിച്ചു ചിന്തിക്കുന്നപക്ഷം നമുക്ക് ഈ ജാതിവ്യത്യാസങ്ങൾക്ക് യാതൊരർത്ഥവുമില്ല എന്ന ഒരു ബോധം ഉണ്ടാവും. ഇപ്രകാരമൊക്കെ ചിന്തിച്ചിട്ടുകൂടി ജാതിവ്യത്യാസം വെച്ചുപുലത്താൻ വെമ്പുകയും പരിശ്രമിക്കയും ചെയ്യുന്ന സങ്കുചിത മനസ്ഥന്മാരായ ജാതിക്കോമരങ്ങളെ സ്ഥലമുടമസ്ഥന്മാരോട് സമ്മതംവാങ്ങി സൈബീരിയായിലൊ മറെറാ നാടുകടത്തിയെങ്കിൽ മാത്രമെ നമ്മുടെ കേരളവും ഹിന്ദുമതവും നന്നാകയുള്ളു. പക്ഷെ, ഇങ്ങിനെയുള്ള സങ്കുചിതബുദ്ധികളെ സൈബീരിയായിൽ കൊണ്ടുപോയി വിട്ടാൽപോലും അവർ അവിടെയും തമ്മിൽ ചില ജാതിവ്യത്യാസങ്ങളൊക്കെ ഉണ്ടാക്കിത്തീർത്ത് തങ്ങളുടെ മനുഷ്യത്വത്തെ കെടുത്തുവാൻ നോക്കും എന്നു

തന്നെ അനുമാനിക്കാവുന്നതാണ്. ചില വിശാല മനസ്കന്മാർ ജാതിപ്പേർ എടുത്തുകളയേണ്ടതിനെപ്പററിയും മററും പ്രസംഗിച്ചുവിടാറുണ്ട്. എന്നാൽ പേരിൽനിന്നു ജാതിയാകുന്ന വാൽ മുറിച്ചുകളയുന്നതുകൊണ്ടൊ റജിസ്ട്രാപ്പീസിലും കോടതികളിലും റിക്കാഡ്കളിൽ ജാതിപ്പേർ ചേർക്കുന്നതു് നിർത്തലാക്കിക്കളയുന്നതുകൊണ്ടൊ ഈ ജാതിവ്യത്യാസത്തിന്നു വലിയ വ്യത്യാസമൊന്നും ഉണ്ടാകയില്ല. ഒരു പോംവഴി എന്താണെന്നു വെച്ചാൽ വീട്ടുകളിൽ ഉണ്ടാകുന്ന അടിയന്തരങ്ങളും കർമ്മങ്ങളും ഒക്കെ എല്ലാ ജാതിക്കാരും ഒത്തുചേർന്നുതന്നെ നടത്തുക, വിവാഹം മുതലായതു പ്രമാണിച്ചും മററും ഉണ്ടാകുന്ന സദ്യകളിലും സൽക്കാരങ്ങളിലും എല്ലാ ജാതിക്കാരും പങ്കുകൊള്ളുക, മിശ്രവിവാഹങ്ങൾ ധാരാളമായി പ്രോത്സാഹിപ്പിക്കുക,—മിശ്രവിവാഹങ്ങൾ മാത്രമെ ചെയ്യാവൂ എന്നുള്ളതു് ഒരു ചിട്ടപോലെയാക്കിത്തീർക്കുക, ഇങ്ങിനെയൊക്കെ ചെയ്താൽ ജാതിവ്യത്യാസം വേഗത്തിൽ പമ്പകടന്നേക്കും. അല്ലാത്തപക്ഷം നാരായണഗുരുസ്വാമിമാരും മഹാത്മജിമാരും ഇനിയും ഉണ്ടായി ക്രമേണ പരിവർത്തനങ്ങൾ ഉണ്ടാക്കേണ്ടിവരും.

കാശി വിശ്വനാഥന്നു വിരോധമൊന്നുമില്ലെങ്കിലും അദ്ദേഹത്തിന്റെ ചില ആൾക്കാർക്കു് അന്നാട്ടിലെ ഹരിജനങ്ങളോടു് കുറെ പകയാണെന്നാണു് തോന്നുന്നതു്.

ക്ഷേത്രത്തിൽ പ്രവേശിച്ചാൽ മിനുസക്കല്ലുകളും മററും പടുത്തിയിട്ടുള്ള മുറിപോലെയുള്ള ഒരു തിണ്ണയിൽ ഒരു ശിവലിംഗം കാശി വിശ്വനാഥനെ പ്രതിനിധീകരിക്കുന്നതു കാണാം. അതിന്നുചുററും ആളുകൾ ഭക്തിപൂർവ്വം കൈകൂപ്പിയും മററും നില്ക്കുന്നതായിട്ടു കാണാം. അവിടെ ഒരു പ്രത്യേക പുരോഹിതൻ ഉണ്ടാകും. തീർത്ഥാടകൻെറ ഒന്നിച്ചുള്ള പുരോഹിതൻ അർച്ചനക്കുള്ള എല്ലാ സാധനങ്ങളും അയാൾവശം ഏല്പിക്കുന്നു. ഒരു കാലുറുപ്പികയും അവിടെ കൊടുക്കണമെന്നാണു് നിയമം. അങ്ങിനെ തീർത്ഥാടകൻ കാശി വിശ്വനാഥദർശനം കഴിക്കുന്നു. കുറച്ചു കഴിഞ്ഞാൽ നിവേദ്യത്തിൻെറ ബാക്കിയും തീർത്ഥവും മററും കിട്ടുന്നു. അതു അവരവരുടെ ഭക്തിയുടെ ശക്തിപോലെ തലയിലും നെററിയിലും മററും ചാർത്താം. അതിന്നുശേഷം ക്ഷേത്രം ഉള്ളിലൊന്നു ചുററിക്കാണാം. ചില തൂണുകളിന്മേലും തിണ്ണകളിന്മേലും മററും വിഗ്രഹരൂപത്തിൽ പല ഈശ്വരന്മാരും അവിടെ കുടിയിരിക്കുന്നുണ്ടു്. തളികയും ഭസ്മവും പൂവും മററുമായി അവരുടെ അടുത്തെല്ലാം ഓരോ പൂജാരികളെയും കാണാം. അതെല്ലാം നോക്കിക്കാണുമ്പോൾ അവിടെയെല്ലാം യഥാശക്തി വല്ലതും കൊടുക്കേണ്ടിവരും. അഥവാ, അത്ര വലിയ ഭക്തിയൊന്നുമില്ലാത്ത ആളാണെങ്കിൽകൂടി ക്ഷേത്രമര്യാദയോർത്തും അവിടെയുള്ള മററുചിലർ പുച്ഛിക്കുമെന്നു ഭയന്നും വല്ലതും കാട്ടിക്കൂട്ടു

ന്നതു് നല്ലതാണു്. അങ്ങിനെ വിശ്വനാഥദർശനവും അന്നപൂർണ്ണേശ്വരിദർശനവും മററും കഴിഞ്ഞാൽ പുരോഹിതൻ മററുചില പുണ്യസ്ഥലങ്ങളൊക്കെ കാണുന്നതിനു ക്ഷണിക്കും. അതൊക്കെ വല്ലതും കുറച്ചധികം സമ്മാനം കിട്ടുമെന്നു പ്രതീക്ഷിച്ചായിരിക്കും. തീർത്ഥാടകന്മാക്കു് അങ്ങിനെ ആഗ്രഹമുണ്ടെങ്കിൽ ഒരു പ്രതിഫലം മുൻകൂട്ടിതന്നെ നിശ്ചയിച്ചു അപ്രകാരം ചെയ്യാവുന്നതാണു്. അങ്ങിനെയുള്ള സ്ഥലങ്ങളിലൊന്നാണു് പാതാളശ്ശിവമന്ദിർ. വിശ്വനാഥക്ഷേത്രത്തിൽനിന്നു കുറച്ചകലെയുള്ള ഒരു ഗല്ലിയിൽ ഉള്ള ഒരെടുപ്പിൽ ചതുരത്തിലുള്ളതും ഏട്ടുപത്തടി ആഴമുള്ളതുമായ ഒരു കുഴിയിൽ ഒരു ശിവലിംഗം പ്രതിഷ്ഠിച്ചിരിക്കുന്നു. അവിടെ ഒരു പുരോഹിതൻ പൂജയും മററും ചെയ്യുന്നുണ്ടാവും. നിങ്ങൾ കയറിച്ചെല്ലുമ്പോൾ ആ പുരോഹിതനൊ പുരോഹിതന്മാരൊ മുമ്പിൽ ഒന്നുരണ്ടാളെ ഇരുത്തി ചില മന്ത്രങ്ങളും മററും ഉരുക്കഴിപ്പിക്കുന്നുണ്ടാവും. അവസാനം, 'പരമേശ്വാ ഐശ്വര്യങ്ങളെല്ലാം ഇവക്കു് ഉണ്ടാകണെ'—'ശിവൻ രക്ഷിക്കട്ടെ' എന്നും മററും അനുഗ്രഹങ്ങളെല്ലാം ചെയ്യുകയും, മററവർ മൂന്നൊ, നാലൊ, അഞ്ചൊ ഉറുപ്പിക ദക്ഷിണയായി പുരോഹിതനു കൊടുത്തുപോകുകയും ചെയ്യുന്നു. അതൊക്കെ അവരുടെ ആൾക്കാർ യോജിച്ചു തമ്മിൽ തന്നെ ചെയ്യുന്ന ഒരുവക തട്ടിപ്പാണെന്നു പല തീർത്ഥാടകന്മാരും അറികയില്ല. അങ്ങിനെ കൊടുക്കുന്ന പണ

മാകട്ടെ, അകത്തു കയറിയിട്ടുള്ള നിങ്ങളുടെ ധനസ്ഥിതി മുതലായവ നോട്ടംകൊണ്ടും മററും മനസ്സിലാക്കി അതിന്നനുസരിച്ച ഒരു തുകയായിരിക്കും. അവർ പോയിക്കഴിഞ്ഞാൽ നിങ്ങൾക്കുവേണ്ടിയും ചില പൂജകളെല്ലാം ചെയ്തു അനുഗ്രഹങ്ങളൊക്കെത്തരുമ്പോൾ മററവർ കൊടുത്ത സംഖ്യതന്നെ കൊടുക്കണമല്ലൊ എന്നു നിങ്ങൾക്കു് തോന്നും. അഥവാ അതിൽനിന്നു കുറഞ്ഞ സംഖ്യ കൊടുത്താൽ 'മററവർ തന്നതു് കണ്ടില്ലെ' എന്നും മററും പറഞ്ഞുകൊണ്ടു് പുരോഹിതൻ അവിടെ ഒരു വാദകോലാഹലംതന്നെ ഉണ്ടാക്കിത്തീർക്കും. 'പോകട്ടെ, തുലഞ്ഞുപോകട്ടെ' എന്നും മററും വിചാരിച്ചു ചിലർ പിന്നെയും വല്ലതും കൊടുത്തേക്കും. ചിലപ്പോൾ നിങ്ങളെ കൂട്ടിക്കൊണ്ടുപോകുന്ന പുരോഹിതൻതന്നെ അവിടെ മുൻകൂട്ടി വിവരം എത്തിച്ചിട്ടുണ്ടാവും. ഇങ്ങിനെ പല തട്ടിപ്പുകളും നടക്കുന്നുണ്ടു് കാശിയിലും മററും.

പിന്നെ നിങ്ങളെ അഭിമുഖീകരിക്കുന്ന മറെറാരു പ്രശ്നം കാശിക്ഷേത്രത്തിന്റെ മുമ്പിൽതന്നെ ചടഞ്ഞുകൂടിയിട്ടുള്ള, ഭാരതമാതാവിന്റെ നിരവധി അനാഥസന്താനങ്ങളാണു്. ഇങ്ങിനെ എത്ര മനുഷ്യക്കോലങ്ങളുണ്ടു് നമ്മുടെ നാട്ടിൽ! ധാരാളമായി പ്രസംഗിക്കുന്ന നമ്മുടെ ബഹുമാനപ്പെട്ട മന്ത്രിമാർക്കും മററും ഇവർക്കുവേണ്ടി വല്ലതും ചെയ്യാൻ കഴിയുമോ എന്നു കണ്ടുതന്നെ അറിയണം. സമത്വസുന്ദരമാം ലോകം

സൃഷ്ടിക്കാൻ നടക്കുന്ന ചില പുള്ളികൾ ഇങ്ങിനെയുള്ളവരെപ്പററി ആലോചിക്കുന്നുണ്ടോ എന്നുതന്നെ സംശയമാണു്. ഒരൊററ ദിവസം കഴിയാതെ വിശ്വനാഥക്ഷേത്രത്തിന്റെ മുമ്പിൽ പടഞ്ഞുകൂടുന്ന ഇങ്ങിനെയുള്ള മനുഷ്യക്കോലങ്ങൾക്കുവേണ്ടി വല്ലതും ചെയ്യാൻ കാശി വിശ്വനാഥനു സാധിക്കുന്നില്ല. എന്നിട്ടാണൊ വല്ലപ്പോഴും ഒന്നോ രണ്ടോ പ്രാവശ്യം മാത്രം കാശിക്ഷേത്രത്തിൽ പോകുന്ന നിങ്ങൾക്കുവേണ്ടി കാശി വിശ്വനാഥൻ വല്ലതും ചെയ്യുന്നതു്? ഒരു പക്ഷേ അവർക്കു് ഭക്തിയും വിശ്വാസവും പോരായിരിക്കും. നിങ്ങൾക്കു് അതുരണ്ടും ഉള്ളതുകൊണ്ടു് ഗുണം സിദ്ധിക്കുന്നുണ്ടായിരിക്കാം. അതല്ലെങ്കിൽ ഇങ്ങിനെയുള്ളവക്കു് നിങ്ങൾ മുഖാന്തരം വല്ലതും ചെയ്യാനായിരിക്കണം കാശി വിശ്വനാഥൻ തീർച്ചയാക്കിയിട്ടുള്ളതു്. ഏതായാലും ഈ അനാഥന്മാരെ കുറെ ദാക്ഷിണ്യമനസ്ഥിതിയോടുകൂടി വീക്ഷിക്കുന്നതു് നിങ്ങൾ കാശി വിശ്വനാഥനോടുചെയ്യുന്ന ഒരു ഭക്തിപ്രകടനമായിരിക്കും. ഇപ്രകാരമിരിക്കുന്ന ഒരു കൂട്ടർ ഇങ്ങിനെ നരകിക്കുന്നതും മററുള്ളവരിൽനിന്നു കിട്ടുന്ന വല്ല എച്ചിലുംകൊണ്ടു് ഉപജീവിക്കേണ്ടി വന്നതും മററുള്ള ഒരു കൂട്ടർ സുഖിക്കുന്നതും ഇങ്ങിനെയുള്ളവർക്കു് വല്ലതും കൊടുക്കുന്നതിന്നും ഉള്ള അധികാരാദിപദവികൾ അവർക്കു് സിദ്ധിച്ചതും ഒക്കെ ഈശ്വരന്നു പററിപ്പോയ ഒരബദ്ധമാണു്. അയാൾക്കു് ഇതുവരെ തിരുത്തുവാൻ

സാധിച്ചിട്ടില്ലാത്ത ഒരബദ്ധം. അതല്ലെങ്കിൽ ഇതൊക്കെ പ്രകൃതിയുടെ ഒരു കളിയായിരിക്കണം! നമ്മൾ കാണുന്ന ആ മനുഷ്യക്കോലങ്ങൾക്കും ഒരു ഹൃദയവും മനസ്സും തലച്ചോറും ഒക്കെ പ്രവൃത്തിക്കുന്നുണ്ടു്. നമ്മളെപ്പോലെയുള്ള വികാരങ്ങളും വിചാരങ്ങളും ആഗ്രഹങ്ങളും ഒക്കെ അവർക്കും ഇല്ലെ! യോഗികളുടെ സിദ്ധാന്തപ്രകാരം അവർക്കുമില്ലെ ഒരു സുഷുമ്നയും കുണ്ഡലിനീശക്തിയും ഷഡ്ചക്രങ്ങളും അനന്തമായ ശക്തിയുമൊക്കെ എന്നും മററും നമ്മൾ ചിന്തിച്ചുപോകും.

അങ്ങിനെ ഗംഗാസ്നാനവും കാശിക്ഷേത്രദർശനവും മററും കഴിഞ്ഞു മടങ്ങുമ്പോഴേക്കും ഒരു നല്ല തുക പലർക്കും ചിലവായിക്കാണും. കുറച്ചധികം ചിലവു വന്നതു്, രക്ഷക്കാരുടെയും കൂലിക്കാരുടെയും പുരോഹിതന്മാരുടെയും അതുപോലെയുള്ള മററു ചിലരുടെയും മിരട്ടും തട്ടിപ്പും മൂലമാണു് എന്നു നമുക്കു് തെളിയുന്നപക്ഷം അവരോട്ടു് കോപം ജനിച്ചിട്ടു കാര്യമില്ല. ധനികന്മാരായ യാത്രക്കാരാകട്ടെ ബുദ്ധിമുട്ടുകൂടാതെ ഒരു വിധം സുഖമായി ജീവിതം കഴിക്കുവാൻ അനുഗ്രഹിക്കപ്പെട്ടവരായിരിക്കാം. എന്നാൽ ഇക്കൂട്ടരുടെയും ഇവരെപ്പോലെയുള്ള മററനേകം ദരിദ്രസഹോദരങ്ങളുടെയും കഥ അതല്ല. നിങ്ങൾക്കു് നാളെത്തെ ഭക്ഷണകാര്യത്തെപ്പററി അധികം ചിന്തിച്ചു പരവശമാകേണ്ടതില്ലായിരിക്കാം. എന്നാൽ ഇതുപോലെയുള്ള ദരിദ്രകക്ഷികൾ ഇന്നത്തെ ആഹാരകാര്യം ഒരു വിധം നി

വ്ലഷിച്ചാൽ അവരുടെ നാളത്തെ ഭക്ഷണകാൎയ്യം, നിങ്ങൾ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്ന അഥവാ നിങ്ങളുടെ മേൽ പിന്നെയും പിന്നെയും പ്രസാദിച്ചിട്ടുള്ള ഈശ്വരൻെറ കൈയ്യിലാണു്. ഒരു കൂലിക്കാരനൊ അതുപോലെ അസ്ഥിരമായ വരവുള്ള മററു വല്ല ഒരുത്തനൊ അവൻെറ ഇന്നലത്തെ ആവശ്യം ഒരുവിധം നിറവേററി അവൻെറ ഇന്നത്തെ ആവശ്യത്തിന്നായി പുറപ്പെടുന്നു. അവൻെറ അമ്മയും പെങ്ങന്മാരുമൊ, ഭാൎയ്യയും കുട്ടികളുമൊ അവനെ യാത്രയയച്ച് അവൻ മടങ്ങിവരുന്നതുവരെ ഒരു അസ്ഥിരപ്രതീക്ഷയോടെ കാത്തുനില്ക്കുന്നു. പരിതസ്ഥിതിയുടെ പ്രാതികൂല്യം നിമിത്തമൊ അവൻെറ 'കണിപ്പൊരുത്തം' പററാഞ്ഞിട്ടൊ അവൻ അവൻെറ അന്നത്തെ ആവശ്യങ്ങൾ നിറവേററുവാൻ ശക്തനാകാതെ മടങ്ങിവരുന്നു. ആ കുടുംബത്തിൻെറ സ്ഥിതിയെന്താണു്! അവരുടെ ഹൃദയവേദന എന്തായിരിക്കും—എന്തു് ചെയ്യാനാണു്? ആരോടു് പറയുവാനാണു്? അവൻെറ നിസ്സഹായത എന്തായിരിക്കും! നമ്മൾക്കൊന്നു് ആലോചിച്ചു നോക്കുവാൻ സാധിക്കും ഈ 'സീനിൻെറ' പല വശങ്ങളും. ഇതൊന്നും നമ്മൾക്കറിയേണ്ടുന്ന ആവശ്യമില്ലായിരിക്കാം—അല്ലെങ്കിൽ അറിഞ്ഞിട്ടു കാൎയ്യമില്ലായിരിക്കാം. പക്ഷെ ഒരു കെട്ടുചെറിക്കൊ, റിക്ഷാക്കാരനോ അതുപോലെ നമുക്കുവേണ്ടി കിഴിഞ്ഞ വേല ചെയ്യുന്ന ഒരുവനോ ഒരു രണ്ടണ

ത്തുട്ടോ, നാലണത്തുട്ടോ അധികം കൊടുത്തുപോയിട്ടു
ണ്ടെങ്കിൽ അതിന്നു നമ്മൾ പരിതപിക്കരുതു്. ഒരു
പക്ഷെ ഏരിപൊരിക്കൊള്ളുന്ന വയറോടുകൂടിയ സാ
ധുകക്ഷികൾക്കു് വല്ലതും കൊടുത്തു അതു് അവർക്കു്
ഉപകാരത്തിന്നെത്തുകയാണെങ്കിൽ അവരുടെ ഹൃദയ
ത്തിൽനിന്നുണ്ടാകുന്ന ഒരു തൃപ്തിയോടുകൂടിയ നിശ്വാ
സമാണു് നിങ്ങൾക്കു്, നിങ്ങൾ പുഷ്പങ്ങളും മാല്യ
ങ്ങളും കൊടുത്തിട്ടുള്ള ഈശ്വരനിൽനിന്നു് കിട്ടുന്ന
അനുഗ്രഹത്തെക്കാൾ ശാന്തിയും സമാധാനവും നൽകു
വാൻ പര്യാപ്തമായിട്ടുള്ളതു്. ഈശ്വരനിൽനിന്നു്
നിങ്ങൾ പ്രതീക്ഷിക്കുന്ന അനുഗ്രഹങ്ങൾ നിങ്ങളുടെ
സ്വന്തം മനശ്ശക്തിയേയും വിശ്വാസത്തേയും ആസ്പദി
ച്ചായിരിക്കും ഉണ്ടാവുക. പക്ഷെ, തപ്തഹൃദയങ്ങളിൽ
നിന്നുണ്ടാവുന്ന ആശിസ്സിന്റെ ചിന്താസ്വരൂപം തിക
ച്ചും നിങ്ങളിലെല്ലാൻ മതി. ഈശ്വരന്നു് കൊട്ടക്കണ
ക്കിൽ പുഷ്പങ്ങളും മാല്യങ്ങളും അർപ്പിച്ചു സ്വാർത്ഥപ്രാ
ർത്ഥനകൾ നടത്തുന്ന ധനവാന്മാരുടെ അർച്ചനകൾക്കും
പ്രാർത്ഥനകൾക്കും കാര്യമായ വിവരങ്ങളൊന്നും എഴു
തിയിട്ടില്ലാത്ത ഒരു വെറും പോസ്റ്റു് കാർഡിന്റെ വി
ലകൂടി ഈശ്വരൻ കല്പിക്കുമോ എന്നു സംശയമാണു്.
പക്ഷെ അവർ വല്ലവർക്കും പ്രത്യേകിച്ചു കഷ്ടപ്പെടുന്ന
വർക്കു് വല്ലപ്പോഴും വല്ല ഗുണവും മനസ്സറിഞ്ഞു ചെ
യ്തിട്ടുണ്ടെങ്കിൽ അതു കാര്യമായ വിവരങ്ങൾ എഴുതിയി
ട്ടുള്ള ഒരു റജിസ്റ്റു് കത്തിനെപ്പോലെ ഈശ്വരന്റെ

'ഫയലിൽ' സ്ഥലം പിടിച്ചുകാണുമെന്നു മാത്രമല്ല പിന്നീടൊരിക്കൽ അവരുടെ ആത്മാവിന്നു അതു തെല്ലൊരു ശാന്തിയും സമാധാനവും ഏകിയേക്കാം എന്നും കരുതാവുന്നതാണു്.

അതുകൊണ്ടു് തീർത്ഥാടനത്തിന്നും മററും പോകുന്ന ധനവാന്മാർ കഷ്ടപ്പെടുന്നവരോടു് സാധാരണയായി ദയ കാണിക്കുന്നില്ലെങ്കിൽ, കാശിയിലും രാമേശ്വരത്തും മററും പോകുമ്പോഴെങ്കിലും മാനസാന്തരപ്പെടേണ്ടതും ദീനരിലും മററും കരുണ കാണിക്കേണ്ടതുമാണു്. അല്ലെങ്കിൽ അവർ അവിടങ്ങളിലൊക്കെ പോയിട്ടു് അവക്കു് വലിയ അനുഗ്രഹങ്ങളൊന്നും കിട്ടാൻ വഴിയുണ്ടെന്നു് തോന്നുന്നില്ല. ക്ഷേത്രങ്ങളിൽ പോകുമ്പോഴും ക്ഷേത്രങ്ങളിൽനിന്നു മടങ്ങിവരുമ്പോഴും ചെയ്യേണ്ടുന്ന കായ്യമായിട്ടുള്ള സംഗതികഠം ഇതൊക്കെ തന്നെയാണു്.

പട്ടണം:—'ഗൊഡൊലിയ' എന്നു പറയുന്ന സ്ഥലം ഏകദേശം നഗരത്തിൻെറ കേന്ദ്രമാണെന്നു പറയാം. ബസ്സ്സ്റ്റാണ്ടു്, ടേക്സിസ്റ്റാണ്ടു് മുതലായവ ഇവിടെ സ്ഥിതിചെയ്യുന്നു. ഗൊഡൊലിയ നാലുനിരത്തുംകൂടിയ മുക്കിൽനിന്നു ടൌൺഹാഠംവരെയുള്ള സ്ത്രീററാണു് വലിയതും പ്രധാനവുമായ സ്ത്രീററു്. അതിൻെറ മദ്ധ്യത്തിൽ "ചൌക്ക്" എന്ന സ്ഥലമാണു് ഏററവും വലിയ വ്യാപാരകേന്ദ്രം. ടൌൺഹാളിന്നടുത്തു നാലുനിരത്തുംകൂടിയ മുക്കിൽനിന്നും ഒരു വലിയ

റോഡ് റയിൽവേസ്റ്റേഷനിലേക്കു പോകുന്നു. ഇരുമ്പു സാമാനങ്ങളും, പെയിൻറ് മുതലായവ ഈ സ്റ്റ്രീററിലെ പ്രധാന കച്ചവടമാണ്. നഗരം മിക്കവാറും നിരവധി ഗല്ലികളാൽ നിറയപ്പെട്ടതാണ്. പ്രധാനപ്പെട്ട പല ഗല്ലികളിലും നല്ല കച്ചവടം നടക്കുന്നു. ദശാശ്വമേധഘട്ടിലേക്കു പോകുന്ന വഴിക്ക് റോഡിൻെറ ഇടത്തുവശത്ത്, വിശ്വനാഥക്ഷേത്രത്തിലേക്കു പോകുന്ന ഗല്ലി (മീനബസാർ) മനോഹരമായ സാരികളും പട്ടുതുണിത്തരങ്ങളും മററു പലവക സാമാനങ്ങളും വില്ക്കപ്പെടുന്ന ധാരാളം ഷാപ്പുകളാൽ നിറയപ്പെട്ടു ഏററെക്കുറെ മനോഹരമാണ്. കച്ചവടകേന്ദ്രമായ ചൌക്കിലുള്ള പോലീസ്സ്സ്റ്റേഷന്നടുത്തുനിന്നു തുടങ്ങി സ്റ്റേഷൻ റോഡിന്നു ചെന്നുമുട്ടുന്ന "ഡാൽമണ്ഡി" ഗല്ലി ചെറിയതും വലിയതുമായ പലവിധം ഷാപ്പുകളാൽ നിറയപ്പെട്ടതും ഏററെക്കുറെ തിരക്കുള്ളതുമാണ്. ഏകദേശം രണ്ടു ഫർല്ലോങ്ങിലധികം നീളമുള്ള ഈ ഡാൽമണ്ഡി തെരുവിലുള്ള മിക്ക ഷാപ്പുകളുടേയും കെട്ടിടങ്ങളുടേയും മുകളിലത്തെ നിലകളിൽ ബനാറസ്സിലെ പ്രസിദ്ധപ്പെട്ട അഥവാ കുപ്രസിദ്ധകളായ നത്തകികളും വേശ്യകളും താമസിക്കുന്നു. പല വർഗ്ഗങ്ങളിലുള്ള പ്രൌഢകളെയും, തരുണികളെയും ബാലസ്ത്രീകളെയും കാണാം ഈ വാരസുന്ദരികളുടെ ഇടയിൽ. അവരുടെ സംഗീതനൃത്തങ്ങളും മററും കാണ്മാൻപോയി കണ്ടതിന്നുശേഷം അവരുടെ തളികയിൽ യഥാശക്തി വല്ലതും നിക്ഷേ

പിച്ചു മടങ്ങുന്നവരുണ്ടു്. അവരുടെ അതിഥികളായി അവിടെ താമസിക്കുന്ന ചിലരും ഉണ്ടു്. രാണ്ടാമത്തെ മട്ടത്തെ വ്യഭിചാരമായി കണക്കാക്കുന്നു. ദാസികളും വിശറിയും വെള്ളിത്തളികകളും ഒക്കെയായി, ഔഷധങ്ങളിലും മററും ചേർക്കുന്ന മാതിരിയുള്ള നേർമ്മയേറിയ പൊൻതകിടുകളും, വെള്ളിത്തകിടുകളും മുതലായവകൊണ്ടു് പൊതിഞ്ഞ വിലപിടിച്ച പാൻ (വെററിലച്ചുരുളം) മുതലായവകൊണ്ടു് അതിഥികളെ സല്ക്കരിച്ച പ്രഭ്വികളെപ്പോലെ വിലസുന്ന മികച്ച മഞ്ജുളാംഗികളെയും കാണാം ഇക്കൂട്ടരുടെ ഇടയിൽ. "വ്യത്ഥമായിത്തോന്നുന്നു കഷ്ടം അവൻ കാണാതെനിക്കുള്ള നൃത്തഗീതാദികളിലെ നൈപുണിപോലും" എന്നു പറഞ്ഞ വാസവദത്ത അവളുടെ നൃത്തഗീതങ്ങളിലുള്ള നൈപുണ്യത്തിൽ അഭിമാനം കൊള്ളുന്നു. അവളുടെ നൃത്തഗീതങ്ങൾക്കു് മികച്ച ഒരു കലാകാരത്വവും വലിയൊരു നിലവാരവും കൂടിയുണ്ടായിരുന്നു എന്നു അവളുടെ വാക്കുതന്നെ വെളിവാക്കുന്നു. വാസവദത്തയുടെ 'സമുദായക്കാരായ' ഇക്കൂട്ടരിൽ ചിലരുടെ നൃത്തഗീതങ്ങൾക്കും തികഞ്ഞ കലാകാരത്വവും തന്മയത്വവുമുണ്ടു് എന്നാണറിയുന്നതു്. അതിനാൽ പല കച്ചവടക്കാരും ഇടത്തരക്കാരായ പല മാന്യന്മാരും ആഭിജാത്യമുള്ള ചിലർപോലും ഇവരുടെ സംഗീതനൃത്തങ്ങൾ കാണുവാനായി പോകാറുണ്ടു് എന്നാണു് അറിഞ്ഞതു്. മികച്ച നർത്തകികളിൽ വ്യഭിചരിക്കാതെ സംഗീതനൃത്തങ്ങൾ മാത്രം നടത്തുന്നവരായി ചിലരുണ്ടു്. മററു

ചിലർ സംഗീതനൃത്തങ്ങളും മററും കഴിഞ്ഞതിനുശേഷം മുൻകൂട്ടി ഏർപ്പാടുചെയ്യുന്നതനുസരിച്ച ചിലരെ സ്വീകരിച്ച വ്യഭിചരിക്കുന്നു.

മറെറാരു പ്രസിദ്ധപ്പെട്ട ഗല്ലിയാണ് കഞ്ചുഗല്ലി. ഈ ഗല്ലിയിൽ സാരികളും മററും നിറഞ്ഞ ധാരാളം വിവിധ ഷാപ്പുകൾ ഉള്ളതിന്നു പുറമെ പ്രസിദ്ധപ്പെട്ട ബനാറസ്സ് സാരികളും പിത്തളപ്പാത്രങ്ങളും ഉണ്ടാക്കുന്ന സ്ഥലങ്ങളും ഉണ്ട്. ജനസഞ്ചാരം കുറഞ്ഞ ഗല്ലികളിൽ നല്ല പരിചയമില്ലാത്തവക്കു വഴി തെററിപ്പോകാം. രാത്രി അസമയങ്ങളിൽ വിജനങ്ങളായ ഗല്ലികളിൽ സന്ദർശകന്മാർ സഞ്ചരിക്കുന്നത് ആപത്താണ്. കാരണം ബനാറസ്സിൽ പല പിത്തലാട്ടങ്ങളും ഇതുപോലെയുള്ള മററ പല പട്ടണങ്ങളേയുംപോലത്തന്നെ നടക്കാനിടയുണ്ട്. 1951-ൽ ആറേഴ ശവങ്ങൾ ഗംഗയിൽ കെട്ടിത്താഴ്ത്തിയ നിലയിൽ കണ്ടുപിടിക്കപ്പെട്ടതും അതിനെ സംബന്ധിച്ചുള്ള അധികൃതന്മാരുടെ റിപ്പോർട്ടിന്നും മററും എതിരായി പത്രങ്ങളും ജനങ്ങളും മററും ബഹളം കൂട്ടിയതും അധികൃതന്മാർ രണ്ടാമതും ഒരു അന്വേഷണത്തിന്നു വെക്കേണ്ടിവന്ന കഥകളും മററും പലരും അറിഞ്ഞിട്ടുള്ള സംഗതിയാണ്. ഈ ലേഖകൻ ആസ്സാമിലെ മാർഗരററ്—മണിപ്പൂർ തുടങ്ങി പടിഞ്ഞാറും വടക്കും അതിൎത്തിവരെയുള്ള വടക്കൻ ഇന്ത്യയിലെ വലിയതും ചെറിയതുമായ മിക്ക പട്ടണങ്ങളിലും ഗ്രാമങ്ങളിലും ഒക്കെ താമസിക്കയും

പല അപരിചിത പ്രദേശങ്ങളിലും പല ദുർഘടം പിടിച്ച സന്ദർഭങ്ങളിലും പല ആൾക്കാരുടെ ഇടയിലും മററും പെടുകയും പെരുമാറുകയും ചെയ്തിട്ടുണ്ട്. ആരേയും ചതിക്കുകയോ ചതിക്കാൻ വിചാരിക്കുകയോ ചെയ്തില്ലെങ്കിൽ തങ്ങളേയും ആരും ചതിക്കയില്ല എന്നു വിശ്വസിച്ചുംകൊണ്ട് ജീവനും പണവും പല ദുർഘടം പിടിച്ച പ്രദേശങ്ങളിലും വെച്ച് അപരിചിതന്മാരെ ഏല്പിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ബനാറസ്സിൽവെച്ച് മാത്രമാണ് വമ്പിച്ച വിധത്തിൽ ചതിപററിപ്പോകാനിടയുണ്ടായിരുന്ന ഒരു സംഭവം 'പുത്തരിയായി' അനുഭവപ്പെട്ടതു്. രാത്രി 2 മണിക്കുള്ള വണ്ടിക്ക് കോൺപൂരിലേക്കു പോകുന്നതിനായി സ്റ്റേഷനിലേക്ക് പുറപ്പെട്ട എന്നേയും കൂടെയുണ്ടായിരുന്ന ഗംഗാസ്ഥാനത്തിന്നു വന്നിരുന്ന ഒരു ബന്ധുവിനേയും, ഞങ്ങളുടെ പുതിയ സൂട്ട് കെയിസുകളും കൂടെയുണ്ടായിരുന്ന ആളുടെ മലയാളിമട്ടവും മററും കണ്ടു്, ഞങ്ങൾ ധനവാന്മാരും അവിടങ്ങളിൽ തീരെ അപരിചിതന്മാരാണെന്നും ധരിച്ച് ഒരു കുതിരവണ്ടിക്കാരനും അവൻെറ കൂട്ടുകാരും ഒരു വമ്പിച്ച 'ചററിക്കൽ' പററിക്കാൻ ഒരു വലിയ പരിശ്രമം നടത്തിക്കളഞ്ഞു. ഈ ലേഖകനു് കാശിയിലെ സ്ഥലങ്ങളും റോഡുകളും കാര്യങ്ങളും മററും ഒരു വിധം നല്ല നിശ്ചയമുണ്ടായിരുന്നതുകൊണ്ടും അവസരോചിതമായി പ്രവൃത്തിച്ചതുകൊണ്ടും അവരുടെ ശ്രമം ഫലിച്ചില്ല. അതിനെപ്പററി

പോലീസ്സിലും മററും റിപ്പോർട്ടുചെയ്തു അവരെയൊക്കെ പിടിപ്പിക്കണമെന്നു ചില മാന്യന്മർ പറഞ്ഞെങ്കിലും അതൊക്കെ കുട്ടിച്ചാത്തന്റെ സേവ പിടിക്കുന്നതു പോലെ തങ്ങൾക്കുതന്നെ പല അസൌകര്യങ്ങളും ഉണ്ടാക്കുവാനാണ് അധികം പ്രയോജനപ്പെടുക എന്നു കരുതി ഒന്നും ചെയ്തില്ല. അതുകൊണ്ടു് കാശിയിലും അതുപോലെയുള്ള സ്ഥലങ്ങളിലും രാത്രി അസമയങ്ങളിലും മററും അപരിചിതന്മാർ സഞ്ചരിക്കുന്നത് കുറച്ചു സൂക്ഷിച്ചുവേണ്ടതാണ്.

സിനിമാശാലകൾ:—ചിത്രാസിനിമ, നിഷാദ് സിനിമ, വിശ്വനാഥ് ടാക്കീസ്, രൂപലേഖ ടാക്കീസ്, നോവൽടി ടാക്കീസ് മുതലായവയാണ്. സ്റ്റേഷൻ റോഡിൽ അടുത്ത കാലത്തു് പുതുതായി പണിതീൎന്ന ഒരു സിനിമാശാലയും ഉണ്ടു്.

ക്ലബ്ബുകൾ:—ബനാറസ്സ് ക്ലബ്ബ്, കാശി ക്ലബ്ബ്, എന്നിവ പ്രധാനപ്പെട്ട ക്ലബ്ബുകളാണ്. കാശി ക്ലബ്ബ് ഒരു കോൺസ്മോപോലീററൻ ക്ലബ്ബാണ്.

കച്ചേരികൾ:—കലക്ടരാപ്പീസ്സ്, കോടതികൾ, സ്റ്റെയിററ് ബേങ്ക് എന്നിവ പട്ടണത്തിൽനിന്നു 3 നാഴിക ദൂരെയായും ടൌൺപോലീസ്സ്സ്റ്റേഷൻ സിററിപോസ്റ്റാഫീസ്സ് എന്നിവ ചൌക്കിലും, പോലീസ് കൊത്തുവാലി ടൌൺഹാളിന്നു സമീപത്തായും സ്ഥിതിചെയ്യുന്നു.

കാഴ്ചസ്ഥലങ്ങൾ:- ഗംഗയിലെ മിക്ക സ്നാനഘട്ടുകളും ദശാശ്വമേധഘട്ടിന്നടുത്തും മററും ചുരുങ്ങിയ ചാർജ്ജിൽ കിട്ടാവുന്ന ബോട്ടുകൾമാർഗ്ഗം കാണാവുന്നതാണ്. ഗംഗയുടെ നടുവിൽകൂടിയുള്ള ഉല്ലാസയാത്ര കൌതുകം ജനിപ്പിക്കും. വടക്കെതീരത്തു ചില ഘാട്ടുകളിലും മററും കാണുന്ന വലിയ കെട്ടിടങ്ങൾ ചില നാട്ടുരാജാക്കന്മാരുടെ വകയാണ്. അവർ കുടുംബസമേതവും മററും ഗംഗാസ്നാനത്തിന്നു വരുന്ന അവസരങ്ങളിൽ താമസിക്കുന്നതിന്നും മററുമുള്ള സൌകര്യങ്ങൾക്കുവേണ്ടിയാണത്രെ അവയെഒക്കെ പണിതിരുന്നതു്.

ഹിന്തുയൂനിവേർസിററി:- പണ്ഡിത മദനമോഹനമാളവ്യയാൽ സ്ഥാപിക്കപ്പെട്ടതും ഇന്ത്യക്കാൎക്കാകമാനം അഭിമാനിതക്കതുമായ ഈ സവ്വകലാശാല പട്ടണത്തിൽനിന്നു ഏകദേശം മൂന്നു നാഴിക ദൂരെ സ്ഥിതിചെയ്യുന്നു. സർവ്വകലാശാല ക്വാറൻ കെട്ടിടനിരകൾ അതിനെസംബന്ധിച്ച മററു കെട്ടിടങ്ങൾ, കളിസ്ഥലങ്ങൾ എല്ലാംകൂടി ഏകദേശം നാലു ചതുരശ്രനാഴിക സ്ഥലത്തെ ആവരണംചെയ്യുന്നു. ബെനാറസ്സ് സന്ദശിക്കുന്ന വിദ്യാൎത്ഥികളും വിദ്യാഭ്യാസതല്പരന്മാരും മററും പ്രസ്തുത സവ്വകലാശാല സന്ദർശിക്കുന്നു. സംസ്കൃതത്തിന്നു പ്രത്യേകമുള്ള ഒരു ഏടപ്പിന്റെ ഉള്ളിൽ ചുമരുകൾ മുഴവനും ഭാരതീയ സംസ്കാരത്തെ അനുസ്മരിപ്പിക്കുന്ന മനോഹരമായ ചിത്രങ്ങളാൽ അലംകൃതമാണ്. പരവതാനിവിരിച്ച നിലത്തും തിണ്ണയില്ല

മാണ് അദ്ധ്യേതാക്കളും അദ്ധ്യാപകന്മാരും ഇവിടെ പഠനസമയങ്ങളിൽ ഇരിക്കുന്നതു്.

ബിനിമാധവ്ധ്വജ് അഥവാ അറംഗസീബ് പള്ളി:—ഇതിനെപ്പററി മുൻപ് പ്രസ്താവിച്ചിരിക്കുന്നു. ഇതിനെ സയിലൻറ് ടവ്വർ (Silent Tower) എന്നു കൂടി വിളിക്കപ്പെട്ടുവരുന്നതായി കാണുന്നു. മണികർണ്ണികഘട്ടിന്നടുത്തായി സ്ഥിതിചെയ്യുന്ന ഈ പള്ളിയുടെ പ്രത്യേകത ഇതിൻെറ 200 അടി വീതം ഉയരമുള്ള രണ്ടു സ്തംഭങ്ങളാണ്. ബനാറസ്സിലെ എടുപ്പുകളും മരങ്ങളും മുതലായ എല്ലാം വസ്തുക്കളെക്കാളും ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഇതിൻെറ അററത്തു കയറി നോക്കിയാൽ കാണുന്ന കാശിനഗരത്തിൻെറയും പരിസരങ്ങളുടേയും കാഴ്ച കൌതുകാവഹവും കുറച്ചൊന്നു വിസ്മയം ജനിപ്പിക്കുന്നതുമാണ്. ഡൽഹിയിലെ കുത്തബ്മിനാർ ഇതിനേക്കാളും ഉയർന്നതാണ്. അതിന്മേൽനിന്നു ചുററുപാടുമുള്ള സ്ഥലങ്ങളുടെ പ്രകൃതിരമണീയതയും വളരെ ദൂരത്തു കിടക്കുന്ന ദൽഹിനഗരത്തിൻെറയും യമുനയുടേയും ഒരു മങ്ങിയ കാഴ്ചയുമാണ് കാണുന്നതു്. എന്നാൽ ഇതിന്മേൽനിന്നു തൊട്ടടുത്തായി പരന്നുകിടക്കുന്ന കാശിപട്ടണത്തിൻെറയും ഗംഗയുടേയും ഗംഗക്കു തെക്കുഭാഗത്തു പരന്നുകിടക്കുന്ന പ്രകൃതിരമണീയമായ സ്ഥലങ്ങളുടെ കാഴ്ചയും ഒക്കെക്കൂടി കുറച്ചധികം കൌതുകം ജനിപ്പിക്കുന്നില്ലേ എന്നുതന്നെ തോന്നിപ്പോകും. എന്നാൽ 1948നു്

ശേഷം ഈ കൌതുകകാഴ്ച സന്ദർശകന്മാക്ക് നഷ്ടപ്പെട്ടു. കാരണം പട്ടണത്തിലെ ജനങ്ങൾ സാധാരണ അങ്ങോട്ടുചെന്നു സ്നാനം ചെയ്യാത്തതുകൊണ്ടോ, അഥവാ പട്ടണത്തിലെ വൃത്തികേടുകണ്ടു സഹിക്കാഞ്ഞിട്ടോ, എന്നറിഞ്ഞില്ല. 1948ൽ ഗംഗാജി നഗരത്തെ മുഴവൻ ഒന്നിച്ചു സ്നാനംചെയ്യിച്ചുകളയാമെന്നു കരുതി, നഗരത്തിലേക്ക് അഞ്ഞുകയറിയ ആ ഭയങ്കര വെള്ളപ്പൊക്കം കാരണം (ആ ഭയങ്കര വെള്ളപ്പൊക്കത്തിന്നു ഈ ലേഖകൻ ഒരു ദൃക്സാക്ഷിയായിരുന്നു.) ഇതിലൊരു സ്തംഭത്തിന്നു കേടുതട്ടി. അതുമുതൽ സന്ദർശകരെ ഈ സ്ഥംഭങ്ങളിൽ കയറുവാൻ അനുവദിച്ചിരുന്നില്ല. 1949ൽ കേടുതട്ടിയ സ്ഥംഭം നിലംപതിച്ചുപോയി.

ഭാരത്മാതാമൻദിർ:— കൻറോൺമെൻറ് സ്റ്റേഷനിൽനിന്നു കുറച്ചുകലെയായി സ്ഥിതിചെയ്യുന്ന ഈ കെട്ടിടത്തിലെ പ്രധാനമായിട്ടുള്ള കാഴ്ചവസ്തു മനോഹരമായി മാർബിളിൽ കൊത്തിയെടുത്തിട്ടുള്ള ഇന്ത്യയുടെ പട(Map)മാണ്.

റാംനഗർരാജധാനി:—കാശി രാജാവിൻേറയും സന്ദർശനയോഗ്യമായതും ആയ ഈ രാജധാനി നദിയുടെ തെക്കഭാഗത്താണ് സ്ഥിതിചെയ്യുന്നത്. ഡഫ്രിൻ പാലം കടന്നു റോഡുമാർഗ്ഗമോ, അതല്ലെങ്കിൽ ബോട്ടുമാർഗ്ഗമോ പോകാവുന്നതാണ്.

തിരുപാണ്ടീശ്വർ:— തിരുപാണ്ടീശ്വർ എന്ന സ്ഥലത്തുള്ള ക്ഷേത്രത്തിന്നടുത്തും മററും ധാരാളം സ

ന്യാസികൾ താമസിക്കുന്നു. മലയാളി സന്യാസികളേയും കാണാവുന്നതാണ്.

ടൌൺഹാൾ, അതിന്നടുത്തുള്ള മനോഹരമായ പാൎക്ക്, സ്റ്റേഷൻ റോഡിലുള്ള 'ബനിയാപാൎക്ക്' മററു പല വലിയ നഗരങ്ങളിലേയുംപോലെ കൌതുകമേറിയ ക്രിസ്ത്യൻപള്ളികൾ, ലക്ക്സ്സാ എന്ന സ്ഥലത്തു സ്ഥിതിചെയ്യുന്ന ശ്രീരാമകൃഷ്ണമിഷ്യൻ 'കമ്ച്ഛാ' എന്ന സ്ഥലത്തുള്ള ബ്രഹ്മവിദ്യാസംഘം മഠം, ജയസിംഹരാജാവിൻേറതായിരുന്ന നിരീക്ഷണശാല സ്ഥിതി ചെയ്യുന്ന 'മൻമൻദിർ' മുതലായവയും സന്ദർശനയോഗ്യങ്ങളാണ്.

ബനാറസ്സിൽ പല പണ്ഡിതന്മാരേയും വിദ്വാന്മാരേയും ശാസ്ത്രികളേയും തത്വജ്ഞാനികളേയും വൈരാഗികളായ സന്യാസികളേയും മററും അങ്ങിങ്ങായി കാണാവുന്നതാണ്. അതുപോലെതന്നെ പല പ്രാചീന ഗ്രന്ഥങ്ങളും പ്രസിദ്ധ ഹസ്തരേഖാശാസ്ത്രജ്ഞനായ ചീറൊ, ഏകദേശം രണ്ടായിരം കൊല്ലം പഴക്കമുള്ളതും മനുഷ്യചൎമ്മത്തിൽ ചുവന്ന ഒരു ദ്രാവകംകൊണ്ടു എഴുതുമായ ഒരത്ഭുത ഗ്രന്ഥം തനിക്കു ബനാറസ്സിൽനിന്നു കണ്ടുകിട്ടിയതായും അതിനെപ്പററി അദ്ദേഹം അത്ഭുതപ്പെട്ടതായും രേഖപ്പെടുത്തിയിരിക്കുന്നു. ബനാറസ്സ് അതിൻേറ പ്രാചീനപ്രഭാവം ഒരു വിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ഒരു നേരിയ മട്ടിൽ ഇന്നും പുലൎത്തിപ്പോരുന്നു.

## സാരനാഥ്

ഏകദേശം രണ്ടായിരത്തഞ്ഞൂറ് കൊല്ലങ്ങൾക്കു മുമ്പ് ബുദ്ധഭഗവാൻ ഒന്നാമതായി ബുദ്ധധർമ്മം പ്രവചിച്ച പാവനസ്ഥലവും ഇന്ത്യയുടെ രാഷ്ട്രചിഹ്നമായ ധർമ്മചക്രസ്തംഭത്തിന്റെ ഇരിപ്പിടവും ആയ സാരനാഥ് ചരിത്രാന്വേഷകന്മാരേയും കലാകാരന്മാരേയും സഞ്ചാരികളേയും മററും സദാ ആകർഷിച്ചുകൊണ്ടു് ബനാറസ്സിൽനിന്നു ഏകദേശം അഞ്ചു നാഴിക ദൂരെ സ്ഥിതിചെയ്യുന്നു. ബനാറസ്സ് കൻറോൺമെൻറ് സ്റ്റേഷനിൽനിന്നോ സിററി സ്റ്റേഷനിൽനിന്നോ നോർത്ത് ഈസ്റ്റേൺ റെയിൽവെ മാർഗ്ഗം പോകാമെങ്കിലും അങ്ങോട്ടുമിങ്ങോട്ടുമുള്ള വണ്ടികളുടെ സൌകര്യത്തിന്നനുസരിച്ചു പ്രോഗ്രാം ഭേദപ്പെടുത്തുന്നതിനേക്കാൾ റിക്ഷാവണ്ടികളോ മററു വണ്ടികളോ ഏർപ്പാടുചെയ്തു ഇഷ്ടംപോലെ സമയം വിനിയോഗിച്ചു കാഴ്ചകൾ കാണുന്നതാണു് ഉത്തമം. സാരനാഥിലേക്കു പോകുമ്പോൾ, ഏകദേശം സാരനാഥത്തിന്നടുത്തായി റോഡിന്റെ ഇടത്തുവശത്തു ജീർണ്ണിച്ചു ഇടിഞ്ഞു ഒരു കൂമ്പാരംപോലെ തോന്നിക്കുന്ന ഒരു വലിയ തറയുടെ മുകളിൽ ഷട്കോണാകൃതിയിലുള്ളതും സാമാന്യം ഉയരമുള്ളതുമായ ഒരു സ്തൂപം കാണാം. അതിന്മേൽ കയറി നോക്കിയാൽ സാരനാഥവും പരിസരപ്രദേശങ്ങളും കാണാം. അതിന്റെ മുകൾഭാഗത്തുള്ള ഗോപുരങ്ങളും മററും പൊളിഞ്ഞുപോയിട്ടുണ്ടെന്നാണു് അതു കാണുമ്പോൾ

തോന്നുന്നത്. ചൌക്കാണ്ഡിസ്തൂപം എന്ന പേരിലറിയപ്പെടുന്ന ഈ സ്തൂപം അക്ബർ ചക്രവർത്തി അദ്ദേഹത്തിൻെറ വിജയസ്മാരകമായി പണിയിച്ചതാണത്രെ. സാരനാഥത്തിലെ ബുദ്ധവിഹാരത്തിൽനിന്നു കുറെ അകലെ റോഡുവക്കിൽനിന്നു വിട്ടു കുറച്ചു ഉള്ളിലോട്ടായി സ്ഥിതിചെയ്യുന്ന സാരനാഥശിവമൻദിർ (ക്ഷേത്രം) ധാരാളമാളുകൾ സന്ദർശിക്കുന്നു.

റോഡിന്നരികത്തായി സ്ഥിതിചെയ്യുന്ന കൌതുകകരമായ ബുദ്ധവിഹാരത്തിൻെറ പ്രവൃത്തി 1931ൽ ആണ് പൂർത്തിയായത്. ഇതിൻെറ അരികത്തായിതന്നെ സിലോണിലുള്ള മഹാബോധിവൃക്ഷത്തിൻെറ ശാഖ കൊണ്ടുവന്നു നട്ടുപിടിപ്പിച്ചിട്ടുള്ള ആൽവൃക്ഷവും സ്ഥിതിചെയ്യുന്നു. ബുദ്ധദേവൻെറ സന്ദേശം പരത്തുവാൻ സിലോണിലേക്കു പോയ പുണ്യവാളന്മാരിലൊരാൾ, ബുദ്ധൻ അടിയിലിരുന്നു തപസ്സുചെയ്തിരുന്ന സാക്ഷാൽ ബോധിവൃക്ഷത്തിൻെറ ഒരു കൊമ്പു ബുദ്ധഗയിൽനിന്നു കൊണ്ടുപോയി നട്ടതായിരുന്നുവത്രെ സിലോണിലുള്ള ബോധിവൃക്ഷം. ഈ വിഹാരത്തിൻെറ വൃത്തിയും മിനുപ്പും ഉള്ളിലും പുറമെയും ഉള്ള ആകർഷണീയതയും അകത്തു ചുമരിന്മേലുള്ള ഭംഗിയേറിയ ചിത്രങ്ങളും ബുദ്ധദേവൻെറ മനോഹരമായ പ്രതിഷ്ഠയും അദ്ദേഹത്തിൻെറ സങ്കല്പസാന്നിദ്ധ്യംകൊണ്ടു ഏകാന്തനിർമ്മലമായ ഒരന്തരീക്ഷവും നിശ്ചലവും ശാന്തതയാർന്നതുമായ പുറമെയുള്ള പരിസരവും എല്ലാം കൂടിച്ചേർന്നു

സുഖകരമായ ഒരു ശാന്തിയും സമാധാനവും ഇതിൽ പ്രവേശിക്കുന്ന സന്ദർശകൻെറ ഹൃദയത്തിൽ അങ്കുരിപ്പിക്കുന്നതാണു്. ചുമരിന്മേലുള്ള ചിത്രങ്ങൾ ഒരു ഭക്തനായ ജപ്പാൻ ചിത്രകാരൻെറ വകയായി വരക്കപ്പെട്ടതാണത്രെ.

ഇതിനു മുൻഭാഗത്തായിത്തന്നെ റോഡിൻെറ എതിർവശത്തു സ്ഥിതിചെയ്യുന്ന മനോഹരമായ കൂററൻ കെട്ടിടം ബുദ്ധഭിക്ഷുക്കൾ താമസിക്കുന്ന മഠമാണു്. ബോധിധർമ്മശാല എന്നു പേരുള്ള ഇതു ബോധി സൊസൈററിവകയാണു്. അവിടം സന്ദർശിച്ചു ബുദ്ധഭിക്ഷുക്കളുമായി പരിചയപ്പെടാവുന്നതാണു്

മേൽപറഞ്ഞ ബുദ്ധവിഹാരത്തിൻെറ കുറച്ചകലെയായി ഭീമാകൃതിയായ ഒരു സ്തൂപം സ്ഥിതിചെയ്യുന്നു. ധർമ്മസ്തൂപം എന്നു പറയപ്പെടുന്ന ഈ ഗംഭീര സ്തൂപത്തിൻെറ മുകളിലായിരുന്നു ഇന്ത്യാ ഗവർമ്മേണ്ടു രാഷ്ട്രചിഹ്നമായി സ്വീകരിച്ചിട്ടുള്ള നാലുതല സിംഹത്തോടുകൂടിയ ധർമ്മചക്ര സ്തംഭം (അശോകസ്തംഭം) സ്ഥാപിച്ചിരുന്നതു്. ആ സ്തംഭം ഇപ്പോൾ സാരനാഥ മ്യൂസിയത്തിൽ ഒരു പ്രധാന വസ്തുവായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

ധർമ്മസ്തൂപത്തിൻെറ ഏകദേശം അരികത്തായി ചൈനീസ് മാതൃകയിലുള്ള ചൈനീസ് ബുദ്ധക്ഷേത്രം സ്ഥിതിചെയ്യുന്നു. ചൈനീസ് ചിത്രകലയെ അനു

സ്മരിപ്പിക്കുന്ന മനോഹരചിത്രങ്ങൾ ഇതിൻെറ ഉള്ളിലെ ചുമരുകളിൽ കാണാം.

ഏകദേശം അതിന്നടുത്തായിത്തന്നെ ഹൈന്ദവ ക്ഷേത്രങ്ങളുടെ ഗോപുരാകൃതിയിലുള്ള ഗോപുരത്തോടു കൂടിയ ജൈനക്ഷേത്രം സ്ഥിതിചെയ്യുന്നു.

പുരാതന വസ്തുഗവേഷകന്മാർ മണ്ണുമാന്തി പുറത്താക്കിയിട്ടുള്ളതായ ഒരു വമ്പിച്ച ക്ഷേത്രത്തിൻെറ തറയുടേയും മററുമായ അവശിഷ്ടം ഈ ക്ഷേത്രത്തിന്നു് ഏകദേശം അടുത്തായി സ്ഥിതിചെയ്യുന്നു. ജീൎണ്ണിച്ചുംതുന്റും കിടക്കുന്നതെങ്കിലും വളരെ നീളവും വീതിയും ഉള്ളതും കേവലം തറകളുടെയും മററും അവശിഷ്ടമെങ്കിലും ആ നിലയിൽതന്നെ ഗാംഭീൎയ്യം തോന്നിക്കുന്ന അതിൽനിന്നു്, വിചിത്രപ്പണികളോടും മററും കൂടി മുഴുവൻ ക്ഷേത്രമായി നിന്നിരുന്ന കാലത്തു അതിൻെറ അന്തസ്സും വലുപ്പവും ആകൃതിയും ഒക്കെ എത്രത്തോളമായിരുന്നുവെന്നു് നമുക്കു് ഭാവനയിൽ കാണുവാൻ സാധിക്കും. ഈ ക്ഷേത്രത്തിലെ പ്രധാന മൂൎത്തിയായിരുന്നുവെന്നു് പറയപ്പെടുന്ന ഛത്രേശ്വരൻെറ അംഗഭംഗം വന്ന ഒരു കൂററൻ വിഗ്രഹവും കരിങ്കല്ലുപോലെയുള്ള ചുവപ്പുകല്ലിൽ കൊത്തിയെടുത്ത അദ്ദേഹത്തിൻെറ വമ്പിച്ച ഛത്രവും (വട്ടക്കുട) മററും സാരനാഥമ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

എത്രയെത്ര രാജാക്കന്മാരും ചക്രവൎത്തിമാരും രാജ്ഞിമാരും മററും ആരുടെ മുമ്പിലും കുനിക്കാത്ത

അവരുടെ തല ഇവിടെ വന്നു കുനിച്ചിട്ടുണ്ടാവും. എത്ര യെത്ര നതാംഗികൾ അവരുടെ കൈകൾ 'താമരമൊട്ടാക്കി' ഇവിടെ നമിച്ചിട്ടുണ്ടാവും. അനവധി വിദ്വാന്മാരും പണ്ഡിതന്മാരും ശാസ്ത്രിമാരുമൊക്കെ ഈ വമ്പിച്ച ക്ഷേത്രം താവളമാക്കിക്കൊണ്ടു് അനാവശ്യമായ വാദപ്രതിവാദങ്ങൾ നടത്തിയിട്ടുണ്ടാവാം. പല ആചാര്യന്മാരും ഇവിടെ താമസിച്ചുകൊണ്ടു് അവരുടെ സിദ്ധാന്തങ്ങൾ പ്രസംഗിച്ചിട്ടുണ്ടാവാം. പല വേദാന്തികളും തത്വജ്ഞാനികളും ഇവിടെവെച്ചു ഇക്കാണുന്നതിനൊന്നും അർത്ഥമില്ല, ഒക്കെ നശ്വരങ്ങളാണു് എന്നും മററും ചിന്തിച്ചിരിക്കാം. അതുപോലെതന്നെ അനശ്വരനെന്നു വിചാരിച്ചിരുന്ന മൂർത്തിയും, അദ്ദേഹത്തിൻെറ ആ ശുദ്ധമായ ക്ഷേത്രവും ഒക്കെ അവയുടെ ശരിയായ ചരിത്രംകൂടി അറിയപ്പെടാത്ത വിധത്തിൽ നശിച്ചുപോയിരിക്കുന്നു. ഇതൊക്കെ കണ്ടു് മടങ്ങുമ്പോൾ "ഒന്നിനുമില്ല നിലയുന്നതമായ കുന്നുമെന്നല്ല യാഴിയുമൊരിക്കൽ നശിക്കുമോർത്താൽ" എന്ന മഹാകവിയുടെ ശ്ലോകാർദ്ധം തന്നിയെ ഹൃദയത്തിൽ നുഴഞ്ഞു കയറും.

സാരനാഥ്മ്യൂസിയം:—അരുച്ചെടികൾ കമനീയമായി വെട്ടിനിർത്തിയതിൻെറ ഇടയിൽ പച്ച വില്ലൂസിനെ നാണിപ്പിച്ചിട്ടുന്ന പച്ചപ്പുൽതടത്തിൽ മനോഹരമായ ചെടികൾ നട്ടുവളർത്തിയതും മദ്ധ്യത്തിൽ പാതയോടുകൂടിയതും ആയ ആകർഷണീയമായ

ഒരു അങ്കണവാടിയോടുകൂടിയ സാരനാഥ മ്യൂസിയത്തിൽ, സാരനാഥിൽനിന്നും മററും കണ്ടുകിട്ടിയ പുരാതനചരിത്രവസ്തുക്കൾ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. മുൻഭാഗത്തെ ഹാളിൽതന്നെ വാതിലിന്നുനേരെ, മുൻപ് പ്രസ്താവിച്ച നാലുതല സിംഹത്തോടുകൂടിയ അശോകസ്തംഭം വെക്കപ്പെട്ടിരിക്കുന്നു. ഏകദേശം ഉറപ്പിൽ കരിങ്കല്ലിന്നു സമമായ പൂഴിക്കല്ലിൽ (Sand Stone) കൊത്തിയെടുത്തിട്ടുള്ള അതിൻെറ ഭംഗിയും മിനുസവും കാണുമ്പോൾ അടുത്തകാലത്തു് പണിതീർത്തുവെച്ചതാണെന്നേ തോന്നുകയുള്ളു. പതിവായി ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും അഭ്യംഗസ്നാനംചെയ്യുന്ന ഒരു സുന്ദരിയുടെ മിനുമിനുപ്പുണ്ടു് ഇപ്പോഴും ആ സ്തംഭത്തിന്നു്. ഒരു സിംഹത്തിൻെറ മുഖം അല്പം അടൎന്നുപോയിരിക്കുന്നു.

അതിന്നടുത്തായിത്തന്നെ ഏഴെട്ടടി ഉയരമുള്ളതും അംഗഭംഗം വന്നതുമായ മുൻപ് പറഞ്ഞ ഛത്രശാലൻെറ വിഗ്രഹം കാണാം. കരിങ്കല്ലുപോലെ ഉറപ്പുള്ള ചുവന്ന കല്ലിന്മേൽ കൊത്തിയെടുത്തതും വിചിത്രപ്പണികളോടുകൂടിയതും വൃത്താകൃതിയായതും വളരെ വലുപ്പമുള്ളതും ആയ മുൻപ് പറഞ്ഞ ഛത്രവും അതിന്നരികെയായി അവിടെക്കാണാം. അതിന്മേൽ അത്ഭുതകരമായ കരകൌശലമാണു് അതിൻെറ ശില്പി പ്രകടിപ്പിച്ചിട്ടുള്ളതു്. അങ്ങിനെ സാരനാഥമ്യൂസിയത്തിൽ അനവധി വസ്തുക്കൾ കാണുവാനുണ്ടു്. കരിങ്ക

ല്ലിന്മേൽ അത്ഭുതകരമായ വിചിത്ര കൊത്തുപണിക ളോടുകൂടിയ തൂണുകൾ, കട്ടിലക്കാലുകൾ, കുറമ്പടി കൾ, വിഗ്രഹങ്ങൾ മുതലായവയൊക്കെ അങ്ങിനെ നോക്കിക്കാണുമ്പോൾ, ഏകദേശം രണ്ടായിരം കൊല്ല ങ്ങൾക്കുമുമ്പുള്ള നമ്മുടെ ചരിത്രത്തിലേക്കു് ഒരെത്തി നോട്ടമാണു് സാരനാഥമ്യൂസിയത്തിൽ നാം നിർവ്വഹി ക്കുന്നതു് എന്നു നമുക്കു് തോന്നും.

സന്ദർശകർക്കു് സാരനാഥം ഒരു ശാന്തിയും സമാ ധാനവും നൽകുന്ന പ്രദേശമായി അനുഭവപ്പെടുന്നതാ ണു്. വിഷാദാത്മകന്മാരും, "നാനാവിധ ചിന്തകൾ കൊണ്ടു് പൊള്ളും പ്രാണനോ"ടുകൂടിയവരും, "അല്ല ലിൽനീറി ദഹിച്ചുപോക"ന്നവരും സാരനാഥത്തിലെ ബുദ്ധവിഹാരത്തിൽ തണുപ്പും മിനുപ്പുമേറിയ മാർ ബിൾകല്ലുകൾ പതിച്ച തറയിൽ ബുദ്ധദേവന്റെ മുമ്പിലായി കുറേനേരം വിശ്രമിക്കുകയാണെങ്കിൽ അവർക്കു് വളരെ ആശ്വാസം കിട്ടുന്നതാണു്.

★ ശുഭം ★

MUNAVIRUL ISLAM HIGH SCHOOL
Date 9-12-64
ERNAKULAM.

HIGH SCHOOL
ERNAKULAM
5535

# 1957-ലെ പുതിയ പുസ്തകങ്ങൾ.

| | ക. | ണ. |
|---|---|---|
| ഒരില കൊഴിയുന്നു—ടാററാപുരം സുകുമാരൻ | 1 | 0 |
| ചെന്തളിരുകൾ—മോപ്പസാങ്ങ് | 2 | 4 |
| മൂന്നു ഇതിഹാസകഥകൾ—C. M. രാജൻ | 1 | 2 |
| പാവപ്പെട്ട ഒരു പെണ്ണ്—N. ഗോവിന്ദൻകുട്ടി | 0 | 14 |
| തങ്കക്കുടം—വല്ലച്ചിറ മാധവൻ | 1 | 0 |
| തപാൽ പ്രണയം—C. മാധവൻ പിള്ള | 1 | 12 |
| മൊട്ടത്തല—T. N. കൃഷ്ണപ്പിള്ള | 1 | 0 |
| കസവുതട്ടം—ഹബീബ് വലപ്പാട് | 1 | 4 |
| പീപ്പിയും പടക്കവും—വിനയൻ | 1 | 4 |
| അഞ്ചുകഥകൾ—മോപ്പസാങ്ങ് | 0 | 12 |
| ബനാറിസ് നിങ്ങളുടെ മുമ്പിൽ—P. M. രാഘവൻ | 0 | 8 |
| ആരോഗ്യദീപ്തി—മിസിസ്-ഹെലൻ തോമസ് | 0 | 12 |
| വിഡ്ഢിയും പിശാചുക്കളും—ടോൾസ്റ്റോയി | 0 | 10 |
| കുമാരസംഭവം—E. P. ഭരതപ്പിഷാരോടി | 0 | 14 |
| അമീർഹംസ—6-ാംഭാഗം. അബ്ദുൾഖാദർഖാരി | 5 | 0 |
| ദേവദാസൻ—ശരച്ചന്ദ്രചാററർജി | 2 | 4 |
| വൈകുണ്ഠന്റെ ഒസ്യത്ത് ടി | 1 | 4 |
| കൺഫ്യൂഷ്യൻ ദർശനം—ല്യൂ-വൂ-ചി | 3 | 0 |

പി. കെ. ബ്രദേർസ്, കോഴിക്കോട്.